## പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## എട്ടാമത് റിപ്പോർട്ട്

(2017 മേയ് മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ സംബന്ധിച്ച 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.4, 4.8, 4.12 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2016-2019)

എട്ടാമത് റിപ്പോർട്ട്

**കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ സംബന്ധിച്ച 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.4, 4.8, 4.12 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്**

818/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 29 |
| അനുബന്ധം II : ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 40 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2016 -2019)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. എ. കെ. ശശീന്ദ്രൻ*

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി.

---

* 2017 മെയ് മാസം 5-ാം തീയതിയിലെ 221-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2016-2019) യുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.4, 4.8, 4.12 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2017 മേയ് മാസം 9-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017 മേയ് 15.

# റിപ്പോർട്ട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച സി ആന്റ് എ.ജി.യുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.4, 4.8, 4.12 എന്നീ ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**4.4 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആന്തരിക നിയന്ത്രണം ഇല്ലാത്തത്**

**നിഷ്കർഷിക്കപ്പെട്ട ആന്തരിക നിയന്ത്രണ വ്യവസ്ഥ പാലിക്കാത്തതു കൊണ്ട് 18 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 33.87 ലക്ഷം രൂപയുടെ പണം തിരിമറി നടന്നു.**

ഒരു സ്ഥാപനത്തിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് അത്യന്താപേക്ഷിതമായിട്ടുള്ള ശക്തമായ ഒരു ആന്തരിക നിയന്ത്രണ സംവിധാനം 1965-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കപ്പെടുന്ന എല്ലാ തുകകൾക്കും സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ വ്യക്തിയോ ഒപ്പിട്ട് നിശ്ചിത മാതൃകയിൽ ഇരുവശമുള്ള കാർബൺ പേപ്പർ ഉപയോഗിച്ച് ഡ്യൂപ്ലിക്കേറ്റായി തയ്യാറാക്കിയ രശീതികൾ നൽകേണ്ടതാണ്. അതുപോലെ പണമായോ ചെക്കായോ ഓരോതവണ തുക നല്കുമ്പോഴും ആർക്കാണോ തുക നൽകേണ്ടത് അവരുടെ ഒപ്പും യഥാർത്ഥത്തിൽ തുക സ്വീകരിച്ച ആളുടെ ഒപ്പും അടങ്ങുന്ന ആവശ്യമെങ്കിൽ സ്റ്റാമ്പൊട്ടിച്ച ഒരു വൗച്ചർ വേണ്ടതാണ്.

സ്വീകരിച്ചതും നൽകിയതും ആയ തുകകൾ പ്രതിമാസ കണക്കുകളും വാർഷിക ധനകാര്യപത്രികയും തയ്യാറാക്കുന്നതിനാവശ്യമായ ക്യാഷ്ബുക്ക്, വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തേണ്ടതാണ്. ഇവ കൂടാതെ, ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്റ്റോക്ക് കണക്കുകൾ, ആസ്തി രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ തുടങ്ങിയവയും ആന്തരിക നിയന്ത്രണ വ്യവസ്ഥയിലെ ഉപകരണങ്ങളാണ്. ആന്തരിക നിയന്ത്രണവ്യവസ്ഥ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിലും അതിന് മേൽനോട്ടം വഹിക്കുന്നതിലും സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയും അദ്ധ്യക്ഷനും പരാജയപ്പെട്ടു. നിർദ്ദേശിക്കപ്പെട്ട നടപടിക്രമം പാലിക്കുന്നതിൽ വീഴ്ച വരുത്തിയതുകാരണം വാർഷിക ധനകാര്യ പത്രികകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. ഇത് പണം തിരിമറിക്കും മറ്റ് സാമ്പത്തിക ക്രമക്കേടുകൾക്കും വഴിവച്ചു

അനുബന്ധം IX-ൽ വിവരിച്ചിരിക്കുന്നതു പോലെ 33.87 ലക്ഷം രൂപ ഉൾപ്പെടുന്ന 18 പണംതിരിമറി സംഭവങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലോക്കൽ ഓഡിറ്റിൽ കണ്ടെത്തി. ഉദ്യോഗസ്ഥർ നടത്തിയ പണംതിരിമറികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ഗൗരവത്തോടെയല്ല വീക്ഷിച്ചത്. തിരിമറികൾ ശ്രദ്ധയിൽപ്പെട്ടപ്പോഴൊക്കെ അവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നെങ്കിലും തിരിമറി നടത്തിയ 4.75 ലക്ഷം രൂപ ഈടാക്കിയതല്ലാതെ അച്ചടക്കനടപടികളൊന്നും കൈക്കൊണ്ടില്ല. ശരിയായ രീതിയിലുള്ള മേൽനോട്ടത്തിലും നിരീക്ഷണത്തിലും കണക്കുകൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നതു വഴി ആന്തരിക നിയന്ത്രണ സംവിധാനം കർശനമായി നടപ്പാക്കിയാൽ മാത്രമെ പണം തിരിമറികളുള്ള ആപത്സാദ്ധ്യത ലഘൂകരിക്കാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കുവാൻ സർക്കാർ ഒരു നടപടിയും സ്വീകരിക്കാതിരുന്നത് ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4.1-ൽ വിവരിച്ചിരിക്കുന്നതുപോലെ തൊഴിൽരഹിതവേതനം വിതരണം ചെയ്യുന്നതിനുവേണ്ടി മാറിയ പണം തിരിമറി നടത്തുന്നതിനിടയാക്കി.

ഇക്കാര്യം 2007 ജനുവരിയിൽ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തതിന് മറുപടി ലഭിച്ചിട്ടില്ല (2007 മാർച്ച്).

<u>അനുബന്ധം IX</u>

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആന്തരിക നിയന്ത്രണം ഇല്ലാത്തത്

(പരാമർശം : ഖണ്ഡിക 4.4)

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | തിരിമറിയുടെ സ്വഭാവം | തുക | വർഷം | ആന്തരിക നിയന്ത്രണത്തിലെ വീഴ്ച | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | നികുതി ഈടാക്കിയപ്പോൾ നൽകിയ രശീതിയുടെ കോപ്പിയിൽ യഥാർത്ഥ തുകയും പഞ്ചായത്ത് സൂക്ഷിക്കുന്ന കോപ്പിയിൽ കുറഞ്ഞ തുകയും രേഖപ്പെടുത്തി | 3.64 | 1999-2000 മുതൽ 2003-04 വരെ | ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തത് | അകത്തേത്തറ ഗ്രാമപഞ്ചായത്ത് |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 2 | പണം സ്വീകരിച്ചപ്പോൾ നിശ്ചിത ഫാറത്തിൽ രശീതികൾ പകർപ്പ സഹിതം തയ്യാറാക്കി നൽകുന്നതിനു പകരം വെള്ളക്കടലാസിൽ കൈപ്പറ്റ് രശീത് എഴുതി നൽകുകയും കണക്കിൽ ചേർക്കാതിരിക്കുകയും ചെയ്തു | 1.88 | 2001-02 | നിഷ്കർഷിച്ച രീതിയിൽ രശീതി നൽകാത്തത് | അഞ്ചൽ ഗ്രാമപഞ്ചായത്ത് |
| 3 | വരവ് കണക്കിൽ കൊള്ളിക്കാത്തത് | 0.14 | 2004-05 2005-06 | രശീതികൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയതുമായി ഒത്തു നോക്കാത്തത് | ചെങ്ങളായി ഗ്രാമപഞ്ചായത്ത് |
| | | 0.15 | 2003-04 | | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് |
| | | 1.35 | 1997-98 മുതൽ 2003-04 വരെ | | പാലക്കാട് മുനിസിപ്പാലിറ്റി |
| 4 | സെൽഫ് ചെക്ക് മുഖേന പിൻവലിച്ച പണം കണക്കിൽ കൊള്ളിച്ചില്ല | 0.59 | 2000-01 | ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കാത്തതും ബാങ്ക്/ട്രഷറി റെക്കൺസിലിയേഷൻ ഇല്ലാത്തതും | കൊഴവനാൽ ഗ്രാമപഞ്ചായത്ത് |
| | | 0.26 | 1998-99 | | പൊന്നാനി മുനിസിപ്പാലിറ്റി |
| | | 3.55 | 1998-99 മുതൽ 2000-01 വരെ | | കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 5 | വൗച്ചറുകളിൽ കൃത്രിമവും തിരിമറിയും | 2.25 | 1990-1993 | അനുമതിയുമായി വൗച്ചറുകൾ ഒത്തുനോക്കാത്തത് | തിരുവനന്തപുരം നഗരസഭ |
| | | 0.83 | 1996-2001 | | കീഴല്ലൂർ ഗ്രാമപഞ്ചായത്ത് |
| | | 3.00 | 2003-04 | | മീനങ്ങാടി ഗ്രാമപഞ്ചായത്ത് |
| | | 1.61 | 2004-05 | | പിറവം ഗ്രാമപഞ്ചായത്ത് |
| | | 8.22 | 2004-05 | | കൊച്ചി നഗരസഭ |
| | | 0.56 | 2005-06 | | പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് |
| | | 0.09 | 2005-06 | | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് |
| 6 | പെൻഷൻ വിതരണത്തിന് ആവശ്യമായ തുകകൾ രണ്ടു തവണ പിൻവലിച്ചത് | 3.36 | 2004-05 | ക്യാഷ് ബുക്കിലും പെൻഷൻ വിതരണ രജിസ്റ്ററിലും രേഖപ്പെടുത്തിയിരിക്കുന്നത് അനുമതിയുമായി ബന്ധപ്പെടുത്തി ഒത്തുനോക്കാത്തത് | വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് |
| 7 | നിലവിലില്ലാത്ത കമ്പനിക്ക് സാധനങ്ങൾ നൽകാനുള്ള ഓർഡർ കൊടുത്തത് | 2.30 | 2003-04 | വിതരണക്കാരന്റെ വിശ്വാസ്യത ഉറപ്പുവരുത്താതെ അനുമതി കൊടുത്തത് | കോട്ടയം ജില്ലാ പഞ്ചായത്ത് |
| 8 | അലവൻസുകൾ അധികം/രണ്ടുതവണ കൈപ്പറ്റിയത് | 0.09 | 2002-03 | അനുമതി പരിശോധിക്കാതെ തുക നൽകിയത് | തിക്കോടി ഗ്രാമപഞ്ചായത്ത് |
| | ആകെ | 33.87 | | | |

(സി ആന്റ് എ.ജി.യുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.4).

(ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധംII-ൽ ചേർത്തിരിക്കുന്നു.)

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആന്തരിക നിയന്ത്രണ വ്യവസ്ഥ പാലിക്കാത്തതിനാൽ 18 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 33.87 ലക്ഷം രൂപയുടെ പണം തിരിമറി നടന്നുവെന്ന ഓഡിറ്റ് പരാമർശത്തിലുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംബന്ധിച്ച് സമിതി തെളിവെടുപ്പ് നടത്തി.

**പാലക്കാട് നഗരസഭ**

2. പാലക്കാട് നഗരസഭയിലെ കുടുംബശ്രീ ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികളുടെ വരവുചെലവ് കണക്കുകളിൽ 1,35,187 രൂപയുടെ കുറവ് കണ്ടെത്തിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. കുടുംബശ്രീയുടെ കീഴിലുള്ള അയൽക്കൂട്ടങ്ങളിലെ അംഗങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന തുകയ്ക്ക് നഗരസഭാഫണ്ടുകളുമായി ബന്ധമില്ലാത്തതിനാൽ ആയത് നഗരസഭയുടെ രജിസ്റ്ററിൽ രേഖപ്പെടുത്താറില്ലെന്നും ഓഡിറ്റ് പരാമർശമുണ്ടായ സാഹചര്യത്തിൽ നഷ്ടതുക അടിയന്തരമായി തിരിച്ചടയ്ക്കുവാൻ എ.ഡി.എസ്. ചെയർപേഴ്സണ് നിർദ്ദേശം നൽകിയതിനെത്തുടർന്ന് 2004 മാർച്ച് 31-ന് മുൻപ് പ്രസ്തുത തുക തിരിച്ചടയ്ക്കുകയുണ്ടായി എന്നും പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആഡിറ്റ് പരാമർശ വിഷയമായ തുക കുടുംബശ്രീ അംഗങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന സമ്പാദ്യമാണെന്നും ഓരോ അയൽക്കൂട്ടവും അവർക്ക് പ്രത്യേകമായുള്ള അക്കൗണ്ടിലൂടെ നിക്ഷേപം നിയന്ത്രിക്കുന്നതാണ് നിലവിലെ സംവിധാനമെന്നും പാലക്കാട് എ.ഡി.പി. വ്യക്തമാക്കി.

3. അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ നിക്ഷേപിക്കുന്ന തുകയുടെ നിയന്ത്രണാധികാരം നഗരസഭയ്ക്കല്ല, പ്രസ്തുത കുടുംബശ്രീ മിഷനിലാണെന്നും ആയതിന് പ്രത്യേകസംവിധാനം നിലവിലില്ലായെന്നും സമിതി വ്യക്തമാക്കി. എ.ഡി.എസി.ന്റെയും സി.ഡി.എസി.ന്റെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് മുനിസിപ്പാലിറ്റികൾക്കും നഗരസഭകൾക്കും അധികാരമുണ്ടെങ്കിലും കുടുംബശ്രീ അംഗങ്ങളുടെ സമ്പാദ്യതുക നഗരസഭയുടെ അക്കൗണ്ടിലേക്ക് വരവ് വെയ്ക്കാൻ കഴിയാത്തതിനാലാണ് ആയതിന് നഗരസഭ രസീത് നൽകാത്തതെന്ന് പാലക്കാട് എ.ഡി.പി. മറുപടി നൽകി. എ.ഡി.എസ്. അക്കൗണ്ടിലേക്ക് മാറ്റുന്ന തുകയുടെ

തെറ്റായ വിനിയോഗത്തിന്മേൽ നഗരസഭ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് ക്രമക്കേടുകൾ ഉണ്ടായാൽ ചെയർപേഴ്സൺ മുഖേന ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകി പണം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും പ്രസ്തുത നഷ്ടതുക തിരിച്ചടയ്ക്കാത്തതിനാൽ നടപടിയെടുക്കുവാനുള്ള അധികാരം കുടുംബശ്രീമിഷനാണുള്ളതെന്നും അദ്ദേഹം കൂട്ടിചേർത്തു.

4. ഓഡിറ്റ് പരാമർശവിധേയമായ നഷ്ടതുക സംബന്ധിച്ച് കുടുംബശ്രീ മിഷൻ അധികൃതരോട് സമിതി വിശദീകരണം ആരാഞ്ഞു. കുടുംബശ്രീ മിഷൻ, ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികളുടെ കീഴിൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് തുടങ്ങിയ കാലയളവിൽ അംഗങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന സമ്പാദ്യതുക എ.ഡി.എസ്. ചെയർപേഴ്സൺ-ന്റെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുകയും വായ്പ ആവശ്യമുള്ളവർക്ക് ചെയർപേഴ്സൺ മുഖേന പണം അനുവദിക്കുകയും തിരിച്ചടവ് നടത്തുകയും ചെയ്തിരുന്നുവെന്നും പാലക്കാട് കുടുംബശ്രീ മെമ്പർ സെക്രട്ടറി അറിയിച്ചു. പ്രസ്തുത കാലയളവിലെ രണ്ട് എ.ഡി.എസ്. ചെയർപേഴ്സൺമാർ വായ്പാ തിരിച്ചടവിൽ നടത്തിയ ക്രമക്കേടുകളാണ് കണക്കിൽ വ്യത്യാസം വരുവാൻ കാരണമാക്കിയതെന്നും പരാതികളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യക്തികൾക്ക് നോട്ടീസ് നൽകിയതിനെ തുടർന്ന് കുറവുവന്ന തുക അവർ തിരിച്ചടച്ചുവെന്നും കുടുംബശ്രീ മിഷൻ മെമ്പർ സമിതിയെ അറിയിച്ചു.

5. 2004 മാർച്ച് മാസം മുതൽ അതത് അയൽക്കൂട്ടങ്ങളിലെ 20 അംഗങ്ങളുടെയും പേരിൽ പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ച് ഓരോ അംഗത്തിന്റെയും സമ്പാദ്യം അവരുടെ പേരിൽത്തന്നെ നിക്ഷേപിക്കുന്ന സംവിധാനം നിലവിൽ വന്നുവെന്നും കുറവുവന്ന തുക കുറ്റക്കാരായ വ്യക്തികളിൽ നിന്നും ഈടാക്കി അംഗങ്ങളുടെ പേരിൽതന്നെ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും പിരിഞ്ഞുപോയ അംഗങ്ങൾക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടെന്നും നിലവിൽ പരാതികളൊന്നുംതന്നെയില്ലായെന്നും അവർ സമിതിയിൽ ബോധിപ്പിച്ചു. എ. ഡി. എസ്. ഭാരവാഹികൾക്ക് അത്യാവശ്യം ചെലവുകൾക്കായി 5,000 രൂപ വരെ കൈവശം വയ്ക്കുന്നതിനുള്ള അധികാരം ഉണ്ടെന്നും മുൻകാലങ്ങളിൽ എ.ഡി.എസ്. ചെയർപേഴ്സൺ മുഖേനയുള്ള വായ്പാ തിരിച്ചടവിലെ പിഴവുകൾ അയൽക്കൂട്ടങ്ങൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചത് മുഖേന പരിഹരിക്കാൻ കഴിഞ്ഞുവെന്നും എ.ഡി.എസ്. അക്കൗണ്ടിലേക്ക് പണം നിക്ഷേപിച്ചിരുന്ന സമയത്തെ ക്രമക്കേട് പരിഹരിച്ചുവെന്നും സമിതിയിൽ കുടുംബശ്രീ മിഷൻ സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള നടപടി അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

## കൊച്ചി കോർപ്പറേഷൻ

6. വൗച്ചറുകളിൽ കൃത്രിമവും തിരിമറിയും നടത്തിയതിലൂടെ കൊച്ചി നഗരസഭയ്ക്ക് 8.22 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. പെൻഷൻ തുക വിതരണവുമായി ബന്ധപ്പെട്ട് കുറ്റക്കാരായി കണ്ടെത്തിയ ഒന്നാം പ്രതിക്കെതിരെ വിജിലൻസ് കേസ് നിലവിലുണ്ടെന്നും രണ്ടാം പ്രതിയായ മാർട്ടിൻ ആന്റണിയിൽ നിന്നും 1,36,000 രൂപയും മൂന്നാം പ്രതിയായ മാത്യുവിന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും നഷ്ടതുകയും ഈടാക്കിയിട്ടുണ്ടെന്നും കൊച്ചി നഗരസഭ സെക്രട്ടറി (ഇൻ-ചാർജ്) സമിതിയിൽ വ്യക്തമാക്കി. വിജിലൻസ് കേസിന്റെ വിശദാംശങ്ങൾ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഒന്നാം പ്രതിയിൽ നിന്നും ഈടാക്കാനുള്ള തുക 5,41,000 രൂപയാണെന്നും 2005-ൽ നിലവിൽ വന്ന കേസ് തൃശ്ശൂരിലുള്ള Court of Enquiry Commissioner and Special Judge-ലാണ് ഉള്ളതെന്നും നഗരസഭ സെക്രട്ടറി മറുപടി നൽകി.

7. വിജിലൻസ് കോടതികളിലെ കാലപ്പഴക്കംചെന്ന സർക്കാർ കേസുകളുടെ നിലവിലെ സ്ഥിതി മനസ്സിലാക്കാനും യഥാസമയം തുടർനടപടി സ്വീകരിക്കുവാനും സർക്കാർ തലത്തിൽ സംവിധാനം ഉണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെട്ടു. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി ചാർജ്ഷീറ്റ് നൽകുന്ന കേസുകളിന്മേലുള്ള നടപടി അനിശ്ചിതമായി നീട്ടിവയ്ക്കപ്പെടാറുണ്ടെന്നും സംസ്ഥാന സർക്കാരിന്റെ കൗൺസിലും ബന്ധപ്പെട്ട വകുപ്പുകളും വി.എ.സി.ബി.ക്കു വേണ്ടി ഹാജരാകുന്ന ഉദ്യോഗസ്ഥരുമായി യഥാസമയം കൂടിയാലോചന നടത്തി തിരുവനന്തപുരം, തൃശ്ശൂർ വിജിലൻസ് കോടതികളിലെ സർക്കാർ കേസ്സുകൾ സംബന്ധിച്ച് അവലോകനം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടായെങ്കിൽ മാത്രമേ കേസ് നടപടികൾ ത്വരിതപ്പെടുത്താൻ സാധിക്കുകയുള്ളുവെന്ന് നഗരകാര്യവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. സർക്കാർ കേസ് നടപടികൾ കൃത്യമായി പരിശോധിക്കാനുള്ള സംവിധാനം നടപ്പിലാക്കണമെന്നും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെയുള്ള കോടതി നടപടികൾ അടിയന്തരമായി തീർപ്പാക്കുവാനും അവയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും രേഖകൾ കൃത്യമായി സൂക്ഷിക്കുവാനും സമിതി നിർദ്ദേശിച്ചു.

## പൊന്നാനി നഗരസഭ

8. സെൽഫ് ചെക്ക് മുഖേന പിൻവലിച്ച 26,000 രൂപ കണക്കിൽ കൊള്ളിച്ചില്ലായെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് പരിശോധിക്കപ്പെടേണ്ട രേഖകൾ മുനിസിപ്പാലിറ്റി

ഓഫീസിൽ ലഭ്യമല്ലായെന്ന് എറണാകുളം ജില്ല എ.ഡി.പി. മറുപടി നൽകി. കൃത്യമായ രേഖകൾ സൂക്ഷിക്കാതെ പണം പിൻവലിച്ച ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാനിൽനിന്നും നഷ്ടതുക ഈടാക്കണമെന്നും സമിതി നിർദ്ദേശിച്ചു. പരാമർശ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി സർക്കാരിനോടാവശ്യപ്പെട്ടു.

### തിരുവനന്തപുരം നഗരസഭ

9. വൗച്ചറുകളിൽ കൃത്രിമവും തിരിമറിയും നടത്തി 2.25 ലക്ഷം രൂപ നഷ്ടം വരുത്തിയത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്മേൽ പ്രസ്തുത തിരിമറിയിൽ കുറ്റക്കാരായി കണ്ടെത്തിയ രണ്ടുപേരിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽനിന്നും മാസംതോറും 2000 രൂപ വീതം ഈടാക്കാനുള്ള നടപടി സ്വീകരിച്ചുവെന്നും സർവ്വീസിൽനിന്നും വിരമിച്ച മറ്റൊരു ഉദ്യോഗസ്ഥന്റെ പേരിൽ 2005-06-ൽ നിലവിൽ വന്ന വിജിലൻസ് കേസ് നടപടി ഇപ്പോഴും തുടരുകയാണെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത കേസ് എത്രയും വേഗം തീർപ്പാക്കുവാനും സർവ്വീസിലുള്ള ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടതുക ഈടാക്കുന്നതോടൊപ്പം വകുപ്പുതല നടപടി സ്വീകരിക്കുവാനും ഇതു സംബന്ധിച്ച റിപ്പോർട്ട് നല്കാനും സമിതി നിർദ്ദേശിച്ചു.

### അകത്തേത്തറ ഗ്രാമപഞ്ചായത്ത്

10. നികുതി ഈടാക്കിയ രസീതിയുടെ കോപ്പിയിൽ യഥാർത്ഥ തുകയും പഞ്ചായത്ത് സൂക്ഷിക്കുന്ന കോപ്പിയിൽ കുറഞ്ഞ തുകയും രേഖപ്പെടുത്തി 3.64 ലക്ഷം രൂപ നഷ്ടപ്പെടുത്തിയതിനെ സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു. 1999 മുതൽ 2003 വരെയുള്ള കാലയളവിൽ രേഖകളിൽ കൃത്രിമം നടത്തിയിട്ടും ആയത് അധികൃതരുടെ ശ്രദ്ധയിൽപ്പെടാത്തതിന്മേൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും കുറ്റക്കാരിൽനിന്നും നഷ്ടതുക ഈടാക്കിയതിന് പുറമെ സ്വീകരിച്ച വകുപ്പുതല നടപടി സംബന്ധിച്ച് വിശദീകരണമാരായുകയും ചെയ്തു. കുറ്റക്കാരനായി കണ്ടെത്തിയ ഉദ്യോഗസ്ഥനിൽനിന്നും നഷ്ടതുക ഈടാക്കിയിട്ടുണ്ടെന്നും ശിക്ഷാനടപടികളുടെ ഭാഗമായി ടിയാന്റെ രണ്ട് ഇൻക്രിമെന്റ് സഞ്ചിതഫലത്തോടുകൂടി തടഞ്ഞിട്ടുണ്ടെന്നും ഇത്തരത്തിൽ ക്രമക്കേട് നടത്തിയ മറ്റൊരു പഞ്ചായത്തിലെ ഉദ്യോഗസ്ഥന് സർവ്വീസിൽ നിന്നും നിർബന്ധിത വിരമിക്കലിനായി നോട്ടീസ് നൽകിയിരിക്കുകയാണെന്നും ഡയറക്ടർ (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു.

### അഞ്ചൽ ഗ്രാമപഞ്ചായത്ത്

11. സ്വീകരിച്ച പണത്തിന് നിശ്ചിത ഫോറത്തിൽ രസീതികൾ നൽകാതെ വെള്ളക്കടലാസിൽ കൈപ്പറ്റ് രസീത് നൽകിയും ടി തുക രജിസ്റ്ററിൽ രേഖപ്പെടുത്താതെയും 1.88 ലക്ഷം രൂപയുടെ ക്രമക്കേട് നടത്തിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ വിശദീകരണം ആരാഞ്ഞ സമിതി പ്രസ്തുത ക്രമക്കേട്, ഓഫീസ് നിയന്ത്രണത്തിലെ വീഴ്ചമൂലം സംഭവിച്ചതാണെന്ന് വിലയിരുത്തി. ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥരിൽ നിന്നും തുക പലിശസഹിതം ഈടാക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത ഉദ്യോഗസ്ഥരിൽ പ്യൂണിനെ മൂന്നുവർഷത്തേക്ക് സസ്പെന്റ് ചെയ്യുകയും ടിയാളുടെ രണ്ട് ഇൻക്രിമെന്റ് സഞ്ചിതഫലത്തോടുകൂടി തടയുകയും യു. ഡി. ക്ലർക്കിന്റെ ഒരു ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കുകയും ചെയ്തുവെന്ന് പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു. പ്രസ്തുത ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള നടപടി അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു

### ചെങ്ങളായി ഗ്രാമപഞ്ചായത്ത്

12. 2004-05, 2005-06 വർഷങ്ങളിലെ 14,000 രൂപയുടെ വരവ് കണക്കിൽ കൊള്ളിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം തേടി. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ വരവുവച്ചതായും ആയതിന്റെ റിപ്പോർട്ട് ഓഡിറ്റ് അധികാരികൾക്ക് സമർപ്പിച്ചതായുമുള്ള സർക്കാർ മറുപടി ശരിയാണെന്ന് എ.ജി. (ഓഡിറ്റ്) അറിയിച്ചതിനെത്തുടർന്ന് ടി ഓഡിറ്റ് പരാമർശത്തിന്മേലുള്ള നടപടി അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

### കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

13. സെൽഫ് ചെക്ക്മുഖേന പിൻവലിച്ച 59,000 രൂപ കണക്കിൽ കൊള്ളിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള സമിതിയുടെ ചോദ്യത്തിന് പെൻഷൻ, പ്രസവാനുകൂല്യം എന്നിവയ്ക്കുള്ള ഫണ്ടിലാണ് തിരിമറി നടന്നതെന്നും കുറ്റക്കാരനായ ഉദ്യോഗസ്ഥനെതിരെ വിജിലൻസ് കേസ് നിലവിലുണ്ടെന്നും കൊഴുവനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഒരു കീഴ്ഉദ്യോഗസ്ഥന് മാത്രമായി 59,000 രൂപയുടെ തിരിമറി നടത്തുവാൻ കഴിയുമോയെന്ന് സംശയം പ്രകടിപ്പിച്ച സമിതി പ്രസ്തുത കേസ് സംബന്ധിച്ച വിശദീകരണം ആരാഞ്ഞു. 2003-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം ആരംഭിച്ച കേസ് വിചാരണയ്ക്കായി 11-12-2014-ലേക്ക് പോസ്റ്റ് ചെയ്തിട്ടുണ്ടെന്നും എൻഡോഴ്സ് ചെയ്ത ചെക്കിലൂടെ ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിച്ചുവെന്നും കൊഴുവനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. എൻഡോഴ്സ് ചെയ്ത ചെക്കിൽനിന്നുള്ള പണം പഞ്ചായത്ത്

അക്കൗണ്ടിൽ വന്നിട്ടുണ്ടോയെന്ന് പരിശോധന നടത്താതിരുന്നതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ടി ചെക്ക് കൊടുത്തയച്ച യു. ഡി. ക്ലർക്കിനെതിരെ നടപടി സ്വീകരിച്ചുവെങ്കിലും അദ്ദേഹം മരണപ്പെട്ടതിനാൽ കേസ് തുടരാനാവില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ-ഇൻ-ചാർജ് അറിയിച്ചു. പ്രസ്തുത കാലയളവിൽ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി. തടഞ്ഞുവെച്ചിരിക്കുകയാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

## കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

14. 1998-99 മുതൽ 2000-01 വരെയുള്ള കാലയളവിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും സെൽഫ് ചെക്ക് മുഖേന പിൻവലിച്ച 3.55 ലക്ഷം രൂപ കണക്കിൽ കൊള്ളിച്ചില്ലായെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. തിരിമറി നടത്തിയ ഉദ്യോഗസ്ഥനെ വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 6-5-2002-ൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പിൻവലിച്ച തുക ഒടുക്കിയതിനെ തുടർന്ന് തിരികെ ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്തുവെന്നും ടിയാൻ ജോലിയിൽ നിന്നും വിരമിച്ചശേഷം മരണപ്പെട്ടുവെന്നും 11-11-2011-ലെ പഞ്ചായത്ത് സമിതിയുടെ തീരുമാനപ്രകാരം 20-12-2011-ൽ ഇത് സംബന്ധിച്ച് സി ആന്റ് എ.ജി.ക്ക് റിപ്പോർട്ട് സമർപ്പിച്ചതിന്മേൽ ടി ഓഡിറ്റ് പരാമർശത്തിന്മേൽ തുടർ നടപടി ആവശ്യമില്ലെന്ന് ഓഡിറ്റ് വകുപ്പിൽനിന്നും 23-1-2012-ൽ അറിയിപ്പുണ്ടായിയെന്നും കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ആദ്യമറുപടി സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതിന് ശേഷമുള്ള തുടർനടപടി റിപ്പോർട്ടുകൾ ബന്ധപ്പെട്ട പഞ്ചായത്തുകൾ തന്നെ എ.ജി.-ക്ക് നേരിട്ട് നൽകുന്ന നടപടിയിൽ നിയമപരമായി തെറ്റില്ലെന്ന് തത്സംബന്ധമായ സമിതിയുടെ ചോദ്യത്തിന് ധനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി.

## കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

15. കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ രേഖകൾ കൃത്യമായി സൂക്ഷിക്കാതെയും കണക്കുകൾ തയ്യാറാക്കാതെയും 83,000 രൂപയുടെ നഷ്ടം വരുത്തിയെന്ന ഓഡിറ്റ് പരാമർശ വിഷയം 30-7-2013-ലെ സമിതി യോഗം പരിഗണിച്ച വേളയിൽ ടി ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിച്ചെന്നും തുടർന്ന് 2006-ൽ മരണപ്പെട്ടുവെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അക്കാര്യത്തിന്മേൽ അധികവിവരം ആരാഞ്ഞിരിക്കുകയാണെന്ന് നിരീക്ഷിച്ചു. 1996 മുതൽ 2004 വരെ പ്രസ്തുത പഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്തിരുന്ന ടിയാൻ സാമ്പത്തിക ക്രമക്കേടിനെ തുടർന്ന് സസ്പെന്റ് ചെയ്യപ്പെടുകയും വിരമിക്കുന്നതിന് ഒരു മാസം മുൻപ്

തിരികെ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തുവെന്നും തുടർന്ന് 2006-ൽ മരണപ്പെട്ടുവെന്നും കീഴല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. നഷ്ടതുകയായ 83,048 രൂപയിൽ 25,333 രൂപ ടിയാന്റെ ശമ്പളകുടിശ്ശികയിൽ നിന്നും ഈടാക്കിയതായി അദ്ദേഹം കൂട്ടിച്ചേർത്തു. മേൽപരാമർശിച്ച അധികവിവരം സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്ന് പ്രസ്തുത പഞ്ചായത്ത് അറിയിച്ച സാഹചര്യത്തിൽ ആയതിന്മേൽ സർക്കാരിന്റെ മറുപടി ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണെന്ന് സമിതി അറിയിച്ചു.

**30-7-2013-ലെ സമിതിയോഗം ആവശ്യപ്പെട്ട 1996-2001 കാലയളവിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടത്തിയ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച സർക്കാരിന്റെ റിപ്പോർട്ട്**

16. കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 1996-97 വർഷം മുതൽ 2004-05 വർഷം വരെ 13 ഓഡിറ്റ് റിപ്പോർട്ടുകളിലായി 161 ഖണ്ഡികകളാണ് തീർപ്പാക്കാതെ അവശേഷിക്കുന്നത്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥരും പെർഫോർമൻസ് ഓഡിറ്റ് അംഗങ്ങളും സംയുക്തമായി ഈ റിപ്പോർട്ടുകൾ പരിശോധിക്കുകയും കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ മുൻ ഭരണസമിതി അംഗങ്ങൾ, ഇപ്പോഴത്തെ ഭരണസമിതി അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട് എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ഈ കാലയളവിൽ ജോലിചെയ്ത പരേതനായ ആർ. ബാലചന്ദ്രൻ ചെലവ് രേഖകൾ, സൂക്ഷിക്കുന്നതിൽ അക്ഷന്തവ്യമായ അനാസ്ഥയും ഉത്തരവാദരാഹിത്യവുമാണ് പ്രകടിപ്പിച്ചത്. കാലാകാലങ്ങളിലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ കാര്യം പരാമർശിച്ചിരുന്നുവെങ്കിലും ഭരണസമിതിയുടെയോ ഭരണ വകുപ്പിന്റെയോ ഭാഗത്തുനിന്ന് പരിഹാരനടപടികളൊന്നും സ്വീകരിക്കപ്പെട്ടിട്ടില്ല എന്നും പണം കൈപ്പറ്റിയതിന്റെ രസീതുകൾ, മരാമത്ത് പ്രവൃത്തികളുടെ ബില്ലും അളവ് പുസ്തകവും, സ്റ്റോക്ക് എൻട്രികൾ, ഒട്ടേറെ വൗച്ചറുകൾ, ആനുകൂല്യം കൈപ്പറ്റിയവരുടെ അർഹത തെളിയിക്കുന്ന രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്ന് തുടങ്ങി ചെലവ് സാധൂകരിക്കുന്ന രേഖകൾ ഒന്നുംതന്നെ പരിശോധനയ്ക്ക് ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ തടസ്സങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത് എന്നും പരിശോധനാസംഘം ഇടക്കാല റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

17. ഇക്കാലയളവിൽ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെയും മറ്റ് സ്ഥിരം ആസ്തികളുടെയും ഭൗതിക പരിശോധന നടത്തുകയുണ്ടായി. കലശ പറമ്പ് അംഗൻവാടി, കാരപേരാവൂർ ലൈബ്രറി കെട്ടിടം, ഐ.സി.ഡി.പി. സബ് സെന്റർ കെട്ടിടം, തെളുപ്പ് അംഗൻവാടി, ശിശുമന്ദിരം ചുറ്റുമതിൽ, തെരൂർ മിനി വ്യവസായ എസ്റ്റേറ്റ്, വളയാൽ വായനശാല,

കുടുംബശ്രീ യൂണിറ്റിന് നൽകിയ പ്രിന്റിംഗ് പ്രസ്സ്, കൃഷിഭവന് നൽകിയ ഉപകരണങ്ങൾ, തെങ്ങർ വയൽ പമ്പ് ഹൗസും കിണറും എന്നീ ആസ്തികൾ പരിശോധിച്ച് പ്രോജക്ട് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട് എന്നും റോഡ് റിപ്പയർ, ടാറിംഗ്, ബസ്‌സ്റ്റാന്റ് അറ്റകുറ്റപ്പണി തുടങ്ങിയ പ്രവൃത്തികളുടെ നിജസ്ഥിതി സംബന്ധിച്ച് പരിശോധനാ കാലയളവിന് ശേഷവും ഒരു നിഗമനത്തിലെത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത് എന്നും പരിശോധനാസംഘം ഇടക്കാല റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഭവന നിർമ്മാണം, വീട് ഓട് മേയൽ, കിണർ കുഴിക്കൽ, ആട്ടുവളർത്തൽ പോലുള്ള ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങിയ പദ്ധതികൾക്ക് ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റി എന്നു തെളിയിക്കുന്ന രേഖകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇവരെ നേരിൽ കണ്ട് ആനുകൂല്യം കൈപ്പറ്റിയത് സംബന്ധിച്ച വിവരം രേഖാമൂലം ശേഖരിക്കാൻ ഓഡിറ്റിന്റെ നിർദ്ദേശ പ്രകാരം ജനപ്രതിനിധികളും പഞ്ചായത്ത് ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു പ്രത്യേക സംഘം ഇപ്പോൾ ശ്രമിച്ചുവരുന്നുണ്ട് എന്നും പരിശോധനാസംഘം ഇടക്കാല റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

18. ഇടക്കാല മറുപടിയിൽ പരാമർശിച്ച വസ്തുതകൾ പൂർണ്ണമായും ശരിയാണ്. ചെലവ് രേഖകൾ സൂക്ഷിക്കുന്ന കാര്യത്തിൽ സെക്രട്ടറിയായിരുന്ന ആർ. ബാലചന്ദ്രൻ ഗുരുതരമായ വീഴ്ചയാണ് വരുത്തിയത്. കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ഭരണസമിതിയും ഭരണവകുപ്പും ഇക്കാര്യത്തിൽ ക്രിയാത്മക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വൗച്ചറുകൾ, അളവ് പുസ്തകങ്ങൾ, ബില്ലുകൾ, സ്റ്റോക്ക് എൻട്രികൾ, മോണിറ്ററിംഗ് റിപ്പോർട്ടുകൾ തുടങ്ങിയവയുടെ അഭാവത്തിൽ കൂടുതൽ പരിശോധന നടത്തി ഓഡിറ്റ് പരാമർശങ്ങൾക്ക് തീർപ്പ് കൽപ്പിക്കുവാൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്.

19. മറുപടിയിൽ പരാമർശിച്ച സ്ഥിരം ആസ്തികൾ ഭൗതിക പരിശോധന നടത്തി പ്രവൃത്തി പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിന് ശേഷവും പ്രവൃത്തികൾ നടന്നിട്ടുള്ളതിനാൽ റിപ്പയർ, മെയിന്റനൻസ് പ്രവൃത്തികൾ സംബന്ധിച്ച ഭൗതിക പരിശോധന നടത്തി എന്തെങ്കിലും നിഗമനത്തിലെത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള വ്യക്തിഗത

ഗുണഭോക്താക്കൾക്ക് യഥാർത്ഥത്തിൽ ആനുകൂല്യം ലഭിച്ചതായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അടങ്ങിയ സംഘത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട എല്ലാ ഗുണഭോക്താക്കളെ സംബന്ധിച്ചും ഇത്തരം സാക്ഷ്യപത്രങ്ങൾ ലഭ്യമല്ല.

20. ഓഡിറ്റ് തടസ്സങ്ങൾ നിലനിൽക്കെ സെക്രട്ടറിയായ ശ്രീ. ആർ. ബാലചന്ദ്രന് ബാധ്യതാരഹിത സാക്ഷ്യപത്രം നൽകിയത് ആരാണെന്ന് വിശദീകരിക്കാൻ നിയമസഭാ സമിതി ആവശ്യപ്പെടുകയുണ്ടായി. കീഴല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 18-3-2010-ലെ എ 861/09 ആയി ശ്രീ. ബാലചന്ദ്രന് ബാധ്യതാ സാക്ഷ്യപത്രമാണ് അനുവദിച്ചത്. എന്നാൽ പേരാവൂർ ഗ്രാമപഞ്ചായത്തിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട 18,332 രൂപ മാത്രമാണ് ഇദ്ദേഹത്തിന്റെ വ്യക്തിപരമായ ബാധ്യതയായി നിലനിൽക്കുന്നതെന്നും ടി തുക ടിയാന്റെ ഡി.സി.ആർ.ജി.യിൽനിന്ന് റിക്കവറി നടത്തി ബാക്കി തുക ശ്രീ. ബാലചന്ദ്രന്റെ അനന്തരാവകാശികൾക്ക് അനുവദിക്കുന്നതിന് ഉത്തരവ് നൽകിയത് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ് (27-4-2011-ലെ എ 2/8583/05) എന്നും റിപ്പോർട്ട് ചെയ്യുകൊള്ളുന്നു.

## പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്

21. പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ 2005-06 വർഷത്തിൽ അനുമതിയുമായി വൗച്ചറുകൾ ഒത്തുനോക്കാത്തതിന്റെ ഫലമായി 56,000 രൂപയുടെ പണം തിരിമറി നടന്നെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത 56,000 രൂപ പഞ്ചായത്ത് ഫണ്ടിൽ സ്ഥാപനത്തിന്റെ ഡയറക്ടർ 222675/ 15-9-2006 നമ്പർ ചെക്ക് പ്രകാരവും 4,900 രൂപ പിഴപ്പലിശയിനത്തിൽ 39376/69/ 5-10-2010-ലെ രസീത് പ്രകാരവും ഒടുക്കുകയും ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ രണ്ട് ഇൻക്രിമെന്റ് തടയുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ നഷ്ടതുകയും പിഴപ്പലിശയും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ റിപ്പോർട്ട് അക്കൗണ്ടന്റ് ജനറലിനെ ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് ടി ഓഡിറ്റ് പരാമർശത്തിന്മേലുള്ള നടപടി അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി അറിയിച്ചു.

## മീനങ്ങാടി ഗ്രാമപഞ്ചായത്ത്

22. മീനങ്ങാടി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ 2003-04-ലെ പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താവിന്റെ ഒപ്പ് വ്യാജമായി

പതിച്ച് 3,00,000 രൂപ തിരിമറി നടത്തിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് ആദിവാസി യുവജനസമിതിയാണെന്നും പദ്ധതി കാലയളവിലെ പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ്, ആദിവാസി യുവജനസമിതി പ്രസിഡന്റ് എന്നിവർക്ക് നോട്ടീസ് നൽകിയതിനെത്തുടർന്ന് ചെക്ക് നൽകാൻ തനിക്ക് അധികാരമില്ലായെന്ന് പഞ്ചായത്ത് പ്രസിഡന്റും; ഗുണഭോക്താക്കളുടെ ഒപ്പിൽ വന്ന മാറ്റത്തെ വ്യാജ ഒപ്പായി തെറ്റിദ്ധരിച്ചതാണെന്ന് യുവജനസമിതി പ്രസിഡന്റും മറുപടി നൽകിയെന്നും സെക്രട്ടറിയിൽ നിന്നും യാതൊരു മറുപടിയും ലഭ്യമായിട്ടില്ലായെന്നും മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതിയിലുൾപ്പെട്ട പ്രസ്തുത ഭവനങ്ങൾ നേരിട്ട് സന്ദർശിച്ചതിൽ നിന്നും അനുവദിക്കപ്പെട്ട 9 വീടുകളിൽ 8 എണ്ണം പദ്ധതി കാലയളവിലും ഒരു വീട് മാത്രം 2011-12-ലുമാണ് പൂർത്തീകരിച്ചതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞുവെന്നും പൂർത്തീകരിക്കാൻ താമസം നേരിട്ട വീടിന്മേലുണ്ടായ നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് കൗൺസിൽ താമസംവിനാ തീരുമാനമെടുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

23. വ്യാജ ഒപ്പിനെ സംബന്ധിച്ചുള്ള സമിതിയുടെ ചോദ്യത്തിന് യഥാർത്ഥ ഗുണഭോക്താക്കൾ വ്യത്യസ്ത സമയങ്ങളിൽ വിവിധ രീതിയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത് വ്യാജ ഒപ്പായി തെറ്റിദ്ധരിച്ചതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഇത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തേണ്ടതാണെന്നും യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ ആനുകൂല്യം ലഭിച്ചതെന്നും തുക വിനിയോഗിച്ചിട്ടുണ്ടോയെന്നും ഭവനനിർമ്മാണം നടത്തിയിട്ടുണ്ടോയെന്നുമുള്ള വിവരം സംബന്ധിച്ച് നിലവിലെയും പദ്ധതി നിർവ്വഹണ സമയത്തെയും പഞ്ചായത്ത് സെക്രട്ടറിമാർ, എ.ഡി.പി. എന്നിവരിൽ നിന്നും വിശദീകരണം തേടി റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### പിറവം ഗ്രാമപഞ്ചായത്ത്

24. പിറവം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധികച്ചുമതല വഹിച്ചിരുന്ന ജൂനിയർ സൂപ്രണ്ട് 1.61 ലക്ഷം രൂപ തിരിമറി നടത്തിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. പണം തിരിമറി നടന്ന കാലയളവിൽ പെൻഷൻ വിതരണംചെയ്തിരുന്ന കൃഷിവകുപ്പ് ഉദ്യോഗസ്ഥൻ ട്രഷറിയിൽനിന്നും കൈപ്പറ്റിയ തുകയിൽനിന്നും 1.61 ലക്ഷം രൂപ വിതരണം ചെയ്യാതെ ക്രമക്കേട് നടത്തിയെന്നും പ്രസ്തുത വിഷയത്തിന്മേൽ കോടതി നടപടി ആരംഭിച്ച് അഞ്ച് ദിവസത്തിനുശേഷം ടിയാൻ ആത്മഹത്യ ചെയ്തുവെന്നും ടിയാന്റെ അവകാശികളിൽ നിന്നും തുക ഈടാക്കുവാൻ പഞ്ചായത്തിന് അധികാരമില്ലെന്ന

കോടതിവിധിയുടെ അടിസ്ഥാനത്തിൽ ക്രമക്കേട് നടന്ന കാലയളവിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ജൂനിയർ സൂപ്രണ്ടിൽനിന്നും തുക ഈടാക്കാനുള്ള നിർദ്ദേശമുണ്ടായിയെന്നും പിറവം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു ടിയാൻ സർവ്വീസിൽനിന്നും വിരമിച്ച ശേഷം 2011-ൽ മാത്രമാണ് നഷ്ടതുക ഈടാക്കുവാനുള്ള നിർദ്ദേശമുണ്ടായത്. ആയതിനാൽ ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്ന് തുക ഈടാക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

25. പണം തിരിമറി നടന്ന കാലയളവിലെ പിറവം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും നഷ്ടതുക ഈടാക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

26. തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശ പ്രകാരമുള്ള 9,000 രൂപയ്ക്ക് പുറമെ പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ വിശദമായ പരിശോധനയിൽ കൂടുതലായി കണ്ടെത്തിയ 7,872 രൂപ അടക്കം ആകെ 16,872 രൂപ പലിശ സഹിതം കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ പഞ്ചായത്ത് അക്കൗണ്ടിൽ അടച്ചിട്ടുണ്ടെന്നും വകുപ്പുതല അച്ചടക്കനടപടിയുടെ ഭാഗമായി 3 വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞ് ഉത്തരവായിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടി സമിതി അംഗീകരിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള നടപടികൾ അവസാനിപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

## വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

27. പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ചെർപ്പുളശ്ശേരി ട്രഷറിയിലെ വി.പി.എഫ്. അക്കൗണ്ടിൽ നിന്നും വിവിധ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിനുവേണ്ടി രണ്ടുതവണ പണം പിൻവലിച്ചത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആവശ്യപ്പെട്ടു. പ്രസ്തുത ആവശ്യത്തിനായി ട്രഷറി അക്കൗണ്ടിൽനിന്നും ആദ്യം പിൻവലിച്ച തുക മുഴുവൻ വിതരണം ചെയ്യാതെ വല്ലപ്പുഴ സർവ്വീസ് സഹകരണ ബാങ്കിൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും വിതരണത്തിനായി വീണ്ടും പിൻവലിക്കുകയും ചെയ്തകാര്യം ക്യാഷ് ബുക്കിലും അനുബന്ധ രജിസ്റ്ററുകളിലും രേഖപ്പെടുത്താത്തതുമൂലമാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്നും സാമ്പത്തിക ക്രമക്കേട് നടന്നിട്ടില്ലായെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിച്ചു. പണം തിരിമറി നടന്നിട്ടില്ലാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു

### തിക്കോടി ഗ്രാമപഞ്ചായത്ത്

28. കോഴിക്കോട് ജില്ലയിലെ തിക്കോടി ഗ്രാമപഞ്ചായത്തിൽ അലവൻസുകൾ കൂടുതലായി കൈപ്പറ്റിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ, പണം അധികമായി കൈപ്പറ്റിയ ഉദ്യോഗസ്ഥർ തുക തിരിച്ചടച്ച സാഹചര്യത്തിൽ നടപടികൾ അവസാനിപ്പിക്കാവുന്ന താണെന്ന് സമിതി അഭിപ്രായപ്പെട്ടു.

### കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

29. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2003-04 വർഷം, ടെണ്ടർ ഫോം വില്പനയിലൂടെയും ഇ.എം.ഡി. പ്രകാരവും സ്വീകരിച്ച തുക കൃത്യസമയത്ത് ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്താത്തതും ട്രഷറിയിൽ നിക്ഷേപിക്കാത്തതും സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് തുക പൂർണ്ണമായും തിരിച്ചടച്ചുവെന്ന് കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ രേഖകൾ അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### കോട്ടയം ജില്ലാപഞ്ചായത്ത്

30. കോട്ടയം ജില്ലാ പഞ്ചായത്ത് നിലവിലില്ലാത്ത കമ്പനിക്ക് 2.3 ലക്ഷം രൂപ നൽകി സാമ്പത്തിക തിരിമറി നടത്തിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. കോട്ടയം ജില്ലാപഞ്ചായത്ത് 2003-ൽ വിഭാവനം ചെയ്ത പദ്ധതി പ്രകാരം കുടുംബശ്രീ സ്വാശ്രയ സംഘങ്ങൾക്ക് തൊഴിൽ നൽകുന്നതിനായി ഒരു കമ്പനിയുമായി കരാറിലേർപ്പെട്ടുവെന്നും പ്രസ്തുത കാലയളവിലെ പൊൻകുന്നം ഡിവിഷൻ മെമ്പറും വനിതാ ക്ഷേമ ഓഫീസറും ചേർന്നാണ് ടി കമ്പനിയുമായി ബന്ധപ്പെട്ട് 1,30,000 രൂപയുടെ സാമ്പത്തിക തിരിമറി നടത്തിയതെന്നും ആയതിന്മേൽ 243/2008 നമ്പരായി കോട്ടയം ജില്ലാ വിജിലൻസ് കോടതിയിലുള്ള കേസിന്മേൽ വിചാരണ നടന്നുവരികയാണെന്നും കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. നിലവിൽ ശരിയായ രീതിയിലുള്ള മേൽനോട്ടത്തിലൂടെയും നിരീക്ഷണത്തിലൂടെയും കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും ആന്തരിക നിയന്ത്രണം പാലിക്കുകയും ചെയ്യുന്നുണ്ടെന്ന് നഗരകാര്യ സെക്രട്ടറി സമിതിയെ അറിയിച്ചു. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച പ്രകാരമുള്ള ക്രമക്കേട് നടന്നിട്ടില്ലായെന്നാണ് സർക്കാരിൽ നിന്നും രേഖാമൂലം ലഭിച്ച മറുപടിയെന്നും ആയതിൽ നിന്നും വ്യത്യസ്തമായ മറുപടിയാണ് തെളിവെടുപ്പ് വേളയിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറി നല്കിയതെന്നും ചൂണ്ടിക്കാട്ടിയ സമിതി കൂടുതൽ വിശദീകരണം ആരാഞ്ഞു. കോട്ടയം ജില്ലാപഞ്ചായത്ത് സർക്കാരിന് സമർപ്പിച്ച മറുപടിയിൽ ഓഡിറ്റിൽ സൂചിപ്പിച്ചത് പോലെയുള്ള സാമ്പത്തിക തിരിമറി നടന്നിട്ടില്ല

എന്നാണ് വ്യക്തമാക്കിയിട്ടുള്ളതെന്നും തെറ്റായ വിവരങ്ങൾ നല്കിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ ഇൻ-ചാർജ്ജും നഗരകാര്യ സെക്രട്ടറിയും വ്യക്തമാക്കി. തെറ്റായ മറുപടി സമർപ്പിച്ച കോട്ടയം ജില്ലാപഞ്ചായത്ത് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

31. **ആന്തരിക നിയന്ത്രണ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിലും മേൽനോട്ടം വഹിക്കുന്നതിനും ഓഡിറ്റ് പരാമർശവിധേയമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടുവെന്നും തന്മൂലം 1965-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിച്ചതും നൽകിയതുമായ തുകകൾ സംബന്ധിച്ച വിവരങ്ങൾ യഥാസമയം ക്യാഷ്ബുക്ക്, വരവ് ചെലവ് രജിസ്റ്ററുകൾ മറ്റ് അനുബന്ധ രജിസ്റ്ററുകൾ എന്നിവയിൽ കൃത്യമായി രേഖപ്പെടുത്തുന്നത് ഉറപ്പുവരുത്തുന്നതിൽ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ചവരുത്തിയെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത അനാസ്ഥയാൽ പണം തിരിമറിക്കുള്ള സാദ്ധ്യത വർദ്ധിച്ചുവെന്നും അവ യഥാസമയം കണ്ടെത്തുവാൻ സാധിക്കാതെ വരികയുണ്ടായെന്നും സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആന്തരിക നിയന്ത്രണ സംവിധാനം കൃത്യമായ മേൽനോട്ടത്തിലൂടെയും നിരീക്ഷണത്തിലൂടെയും അച്ചടക്കത്തോടെയും ശക്തിപ്പെടുത്തി ഭാവിയിൽ സാമ്പത്തിക ക്രമക്കേടുകൾ ഒഴിവാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**പാലക്കാട് നഗരസഭ**

32. **അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ എ.ഡി.എസ്. അക്കൗണ്ടിലേക്ക് വായ്പാതുക സമയബന്ധിതമായി തിരിച്ചടയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നഗരസഭ നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാലാണ് രണ്ട് എ.ഡി.എസ്. ചെയർപേഴ്സൻമാർ വായ്പാതിരിച്ചടവിൽ ക്രമക്കേടുകൾ നടത്തുവാൻ ഇടയാക്കിയത് എന്ന് സമിതി നിരീക്ഷിക്കുന്നു. മുൻകാലങ്ങളിൽ എ.ഡി.എസ്. ചെയർപേഴ്സൺ മുഖേനയുള്ള വായ്പാ തിരിച്ചടവിലെ പിഴവുകൾ അയൽക്കൂട്ടങ്ങൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചത് മുഖേന പരിഹരിക്കുവാൻ കഴിഞ്ഞുവെന്നും എ.ഡി.എസ്. അക്കൗണ്ടിലേക്ക് പണം നിക്ഷേപിച്ചിരുന്ന സമയത്തെ ക്രമക്കേട് പരിഹരിച്ചുവെന്നും ഉദ്യോഗസ്ഥർ സമിതിയിൽ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള നടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

33. അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ നിക്ഷേപിക്കുന്ന തുകയുടെ നിയന്ത്രണാധികാരവും പ്രസ്തുത തുകയുടെ തെറ്റായ വിനിയോഗം പരിശോധിക്കുന്നതിനും നടപടിയെടുക്കേണ്ടതിനുമുള്ള അധികാരം നിലവിൽ കുടുംബശ്രീക്ക് ആണെന്ന് സമിതി മനസ്സിലാക്കുന്നു. എ.ഡി.എസ്.-കളിലെയും അയൽക്കൂട്ടങ്ങളുടെയും പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകളും കൃത്യമായി നിരീക്ഷിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കാൻ കുടുംബശ്രീ സംസ്ഥാന മിഷൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. എ.ഡി.എസ്.കളിലും അയൽക്കൂട്ടങ്ങളിലും ആഭ്യന്തര നിയന്ത്രണ ചട്ടങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നും പാളിച്ചകൾ നിരീക്ഷിച്ച് അടിയന്തരമായി പരിഹരിക്കുവാൻ എല്ലാ നഗരസഭകളിലും ആവശ്യമായ സംവിധാനം രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

കൊച്ചി കോർപ്പറേഷൻ

34. നഗരസഭകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിലുള്ള അനാസ്ഥ വൗച്ചറുകളിൽ കൃത്രിമവും തിരിമറിയും നടത്തുവാൻ ഇടയാക്കി എന്നും അതുവഴി 8.22 ലക്ഷം രൂപ നഷ്ടമുണ്ടായതായും സമിതി മനസ്സിലാക്കുന്നു. ആന്തരിക നിയന്ത്രണ സംവിധാനം കർശനമായി നടപ്പാക്കി ഭാവിയിൽ ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാത്ത വിധം ഭരണസംവിധാനം ശക്തിപ്പെടുത്തി സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

35. പെൻഷൻ തുക വിതരണവുമായി ബന്ധപ്പെട്ട് കുറ്റക്കാരായി കണ്ടെത്തിയ രണ്ടാമത്തെയും മൂന്നാമത്തെയും പ്രതികളിൽനിന്നും നഷ്ടതുക ഈടാക്കിയതു സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഒന്നാം പ്രതിക്കെതിരെയുള്ള കോടതിനടപടികൾ സംബന്ധിച്ചുള്ള നിലവിലെ സ്ഥിതിയുടെയും അടിയന്തര റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

36. വിജിലൻസ് കോടതികളിലെ കാലപ്പഴക്കംചെന്നതും തീർപ്പാക്കാത്തതുമായ സർക്കാർ കേസ്സുകളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് അവ സമയബന്ധിതമായി തീർപ്പാക്കാൻ സംവിധാനം രൂപീകരിക്കണമെന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി ചാർജ്ഷീറ്റ് നൽകുന്ന കേസ്സുകളിന്മേലുള്ള നടപടി ത്വരിതപ്പെടുത്തി, സംസ്ഥാനസർക്കാരിന്റെ

കൗൺസിലും ബന്ധപ്പെട്ട വകുപ്പുകളും വി.സി.ബി.ക്കുവേണ്ടി ഹാജരാകുന്ന ഉദ്യോഗസ്ഥരും ചേർന്ന് കൂടിയാലോചിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെയുള്ള കോടതി നടപടികൾ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പൊന്നാനി നഗരസഭ

37. കണക്കുകൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി കാഷ്ബുക്കിലും ബന്ധപ്പെട്ട ആഡിറ്റുകളിലും രേഖപ്പെടുത്തുന്നതിലും ട്രഷറി/ബാങ്ക് അക്കൗണ്ടുകളുമായി ഒത്തുനോക്കുന്നതിലും വീഴ്ചവരുത്തിയതുമൂലമാണ് സാമ്പത്തിക ക്രമക്കേടുണ്ടായതെന്ന് സമിതി വിലയിരുത്തുന്നു. നിലവിൽ കാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുന്നതിനും കണക്കുകൾ യഥാസമയം ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി റെക്കൺസിലിയേഷൻ (ഒത്തുനോക്കൽ) നടത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച റിപ്പോർട്ടുനൽകുവാനും ഭാവിയിൽ ഈ സംവിധാനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

38. സെൽഫ് ചെക്ക് മുഖേന പണം പിൻവലിക്കുകയും പ്രസ്തുത തുക കണക്കിൽ രേഖപ്പെടുത്താത്തതും ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കാത്തതും സംബന്ധിച്ച നഗരസഭയുടെ അനാസ്ഥയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കൃത്യമായി രേഖകൾ സൂക്ഷിക്കാതെ പണം പിൻവലിച്ച ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടതുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാനും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

### തിരുവനന്തപുരം നഗരസഭ

39. ആന്തരിക നിയന്ത്രണ സംവിധാനത്തിലെ പാളിച്ച മൂലമാണ് വൗച്ചറുകളിൽ കൃത്രിമവും തിരിമറിയും നടന്നതെന്ന് സമിതി മനസ്സിലാക്കുന്നു. നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും തുക ഈടാക്കുന്നതിനും സ്വീകരിച്ച നടപടി സംബന്ധിച്ചും വിരമിച്ച ഉദ്യോഗസ്ഥനെതിരെയുള്ള കോടതി നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും റിപ്പോർട്ട് നൽകണമെന്നും കൂടാതെ നഗരസഭയിൽ ഭരണസംവിധാനം ശക്തിപ്പെടുത്തി ഈ പ്രവണത ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടിയുടെ വിശദവിവരം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**അകത്തേത്തറ ഗ്രാമപഞ്ചായത്ത്**

40. റവന്യൂ റിക്കവറി സംബന്ധിച്ച കണക്കുകൾ കൃത്യമായി രേഖപ്പെടുത്തേണ്ട ഡിമാന്റ് രജിസ്റ്റർ യഥാവിധി സൂക്ഷിക്കുന്നതിലും പരിശോധിക്കുന്നതിലും അകത്തേത്തറ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയെന്നും തന്മൂലം നികുതി ഈടാക്കിയ രശീതിയിൽ കാണിച്ച തുകയേക്കാൾ കുറഞ്ഞ തുക പഞ്ചായത്ത് സൂക്ഷിക്കുന്ന കോപ്പിയിൽ രേഖപ്പെടുത്തുന്നതിനും 3.64 ലക്ഷം രൂപ നഷ്ടം വരുത്തുന്നതിനും ഇടയാക്കിയെന്നും സമിതി വിലയിരുത്തുന്നു. 1999 മുതൽ 2003 വരെ രേഖകളിൽ കൃത്രിമം കാട്ടി ഗുരുതരമായ തരത്തിൽ പണാപഹരണം നടത്തിയിട്ടും ആയത് അധികൃതരുടെ ശ്രദ്ധയിൽപ്പെടാത്തതിന്മേൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

41. രശീതിയിൽ കൃത്രിമം കാണിക്കുകയും രേഖകളിൽ തിരിമറി നടത്തുകയും ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുന്നതിനു സ്വീകരിച്ച നടപടിയും വകുപ്പുതല നടപടിയും സംബന്ധിച്ച റിപ്പോർട്ടു നൽകുന്നതിനും അതോടൊപ്പം രശീതിയിൽ ഭാവിയിൽ കൃത്രിമം കാണിക്കാതിരിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദവിവരം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**അഞ്ചൽ ഗ്രാമപഞ്ചായത്ത്**

42. സ്വീകരിച്ച പണത്തിന് നിശ്ചിത ഫാറത്തിൽ രസീതുകൾ നൽകാതെ വെള്ളക്കടലാസിൽ കൈപ്പറ്റ് രസീത് നൽകുകയും ടി തുക രജിസ്റ്ററിൽ രേഖപ്പെടുത്താതെ സാമ്പത്തിക ക്രമക്കേട് നടത്തിയതും ഓഫീസ് നിയന്ത്രണത്തിൽ യാതൊരുവിധ മേൽനോട്ടവും പരിശോധനയുമില്ലാത്തതിനാലാണെന്ന് വ്യക്തമാകുന്നു. ഓഫീസ് നിയന്ത്രണത്തിലെ പ്രധാനവീഴ്ച പഞ്ചായത്തിന് ബോധ്യപ്പെടുകയും ഇപ്പോൾ പണം സ്വീകരിക്കുമ്പോൾ സംഖ്യാ സോഫ്റ്റ്‌വെയറിൽ കൂടി ഔദ്യോഗികമായി ലഭ്യമാകുന്ന കമ്പ്യൂട്ടർ രസീതാണ് നൽകുന്നതെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെയും ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥരിൽ നിന്നും തുക പലിശ സഹിതം ഈടാക്കുകയും അവർക്കെതിരെ വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്തു ഡയറക്ടറുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## ചെങ്ങളായി ഗ്രാമപഞ്ചായത്ത്

43. 14,000 രൂപയുടെ വരവ് കണക്കിൽ കൊള്ളിക്കാത്തതും രശീതികൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയതുമായി ഒത്തുനോക്കാത്തതും സംബന്ധിച്ച പരാമർശത്തിന്മേൽ, നഷ്ടത്തുക പഞ്ചായത്തുഫണ്ടിൽ വരവുവെച്ചതായി അക്കൗണ്ടന്റ് ജനറലിന്റെ സ്ഥിരീകരണം ലഭിച്ചതിന്റെയടിസ്ഥാനത്തിൽ അനന്തരനടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

44. സെൽഫ് ചെക്ക് മുഖേന പിൻവലിച്ച തുക ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നതിലും എൻഡോഴ്സ് ചെയ്ത ചെക്കിൽ നിന്നുള്ള തുക പഞ്ചായത്ത് അക്കൗണ്ടിൽ വന്നിട്ടുണ്ടോയെന്ന ഒത്തുനോക്കുന്നതിലും വന്ന അനാസ്ഥമൂലമാണ് 59,000 രൂപയുടെ ക്രമക്കേട് നടന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത സാമ്പത്തിക തിരിമറിയിൽ മറ്റ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോയെന്നത് സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത ക്രമക്കേട് സംബന്ധിച്ച കോടതി നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും പണംതിരിമറി നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

45. സെൽഫ് ചെക്ക് മുഖേന പഞ്ചായത്ത് ഫണ്ടിൽ നിന്നും സാമ്പത്തിക തിരിമറി നടത്തിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചതായും ടിയാനിൽ നിന്നും നഷ്ടത്തുക ഈടാക്കിയതായുമുള്ള സർക്കാർ മറുപടിയിന്മേൽ എ.ജി.യുടെ സ്ഥിരീകരണം ലഭ്യമായതിനാൽ അനന്തര നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

46. ചെലവു രേഖകളും രജിസ്റ്ററുകളും തയ്യാറാക്കുന്നതിലും സൂക്ഷിക്കുന്നതിലും പരാമർശവിധേയനായ സെക്രട്ടറിയുടെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥയും നിരുത്തരവാദിത്വവും ഉണ്ടായതായി സമിതി വിലയിരുത്തുന്നു. 2005-06-ലെ ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 2.8.8.1, 2.8.8.2 എന്നിവ പരിശോധിച്ച 30-7-2013-ലെ സമിതി യോഗത്തിന്റെ നിർദ്ദേശപ്രകാരം ലഭ്യമാക്കിയ സർക്കാരിന്റേയും ഓഡിറ്റ്

വകുപ്പിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾക്ക് ഉത്തരവാദിയായ വ്യക്തി തന്നെയാണ് സി. & എ. ജി.യുടെ റിപ്പോർട്ടിലും പരാമർശ വിധേയനായിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ടി ഉദ്യോഗസ്ഥൻ മരണപ്പെട്ടതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതു സംബന്ധിച്ച് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്

47. 2005-06 വർഷത്തിൽ അനുമതിയുമായി വൗച്ചറുകൾ ഒത്തുനോക്കാത്തതിന്റെ ഫലമായി 56,000 രൂപയുടെ പണം തിരിമറി നടന്നതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിലെ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നഷ്ടതുക പലിശ സഹിതം ഈടാക്കിയിട്ടുണ്ടെന്നുമുള്ള മറുപടി പരിശോധിച്ചതിൻ പ്രകാരം അക്കൗണ്ടന്റ് ജനറലിന്റെ സ്ഥിരീകരണം ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടി അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### മീനങ്ങാടി ഗ്രാമപഞ്ചായത്ത്

48. 2003-04 വർഷത്തെ പട്ടികവർഗ്ഗ ഭവനനിർമ്മാണ പദ്ധതി നിർവ്വഹണത്തിന് പദ്ധതി മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ടോയെന്നതും പദ്ധതി തുകയുടെ വിനിയോഗം സംബന്ധിച്ചും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു സ്വീകരിച്ച നടപടിയിന്മേലും സർക്കാർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്നതു സംബന്ധിച്ചും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ടോയെന്നതു സംബന്ധിച്ചും റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### പിറവം ഗ്രാമപഞ്ചായത്ത്

49. പെൻഷൻ വിതരണത്തിനായി ട്രഷറിയിൽ നിന്നും കൈപ്പറ്റിയ തുകയിൽ 1.61 ലക്ഷം രൂപ വിതരണം ചെയ്യാതെ തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നുംതന്നെ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. നഷ്ടത്തിന് ഉത്തരവാദിയായി കണ്ടെത്തിയ ഉദ്യോഗസ്ഥൻ മരണപ്പെട്ടതും ടിയാന്റെ അവകാശികളിൽ നിന്നും തുക ഈടാക്കാൻ പഞ്ചായത്തിന് അധികാരമില്ലായെന്ന കോടതിവിധി വന്ന സാഹചര്യത്തിലും

പ്രസ്തുത കാലയളവിലെ പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിനൊപ്പം ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

50. ഓഡിറ്റ് പരാമർശ പ്രകാരമുള്ള 9,000 രൂപയ്ക്ക് പുറമേ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ വിശദമായ പരിശോധനയിൽ കണ്ടെത്തിയ 7,872 രൂപയും ചേർന്ന് ആകെ 16,872 രൂപ പലിശ സഹിതം കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയതു സംബന്ധിച്ചും വകുപ്പുതല നടപടിയുടെ ഭാഗമായി ടിയാന്റെ മൂന്ന് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞിട്ടുണ്ടെന്നും സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

51. ട്രഷറി വി.പി.എഫ്. അക്കൗണ്ടിൽ നിന്നും വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുവേണ്ടി പിൻവലിച്ച തുക വിതരണം ചെയ്യാതെ വല്ലപ്പുഴ സർവ്വീസ് സഹകരണബാങ്കിൽ പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടി തുക വീണ്ടും വിതരണം ചെയ്യുന്നതിനായി മറ്റൊരു വൗച്ചർ പ്രകാരം പിൻവലിക്കുകയും ചെയ്ത കാര്യം ക്യാഷ് ബുക്കിലും അനുബന്ധ രജിസ്റ്ററുകളിലും രേഖപ്പെടുത്താത്തതുമൂലമാണ് ഒരേ ആവശ്യത്തിന് രണ്ടു തവണ തുക പിൻവലിച്ചതായ ഓഡിറ്റ് പരാമർശം വന്നതെന്നും സാമ്പത്തിക ക്രമക്കേട് നടന്നിട്ടില്ലായെന്നും സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തര നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### തിക്കോടി ഗ്രാമപഞ്ചായത്ത്

52. അലവൻസുകൾ കൂടുതലായി കൈപ്പറ്റിയവരിൽ നിന്നും ടി തുക ഈടാക്കിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

53. 2003-04 വർഷത്തെ ടെണ്ടർ ഫോം വില്പനയിലൂടെയും ഇ. എം. ഡി. പ്രകാരവും സ്വീകരിച്ച തുകകൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്താത്തതും ട്രഷറിയിൽ നിക്ഷേപിക്കാത്തതുംമൂലമുള്ള നഷ്ടതുക പൂർണ്ണമായും ടി കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കിയെന്ന സർക്കാർ മറുപടിയിന്മേൽ, അക്കൗണ്ടന്റ് ജനറലിന്റെ സ്ഥിരീകരണം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### കോട്ടയം ജില്ലാ പഞ്ചായത്ത്

54. കുടുംബശ്രീ സംഘങ്ങൾക്കായി തൊഴിൽ നൽകുന്നതിനുവേണ്ടി കരാറിലേർപ്പെട്ട കമ്പനിയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിനുള്ള ഓർഡർ കൊടുക്കുന്നതിലും വിശ്വാസ്യത ഉറപ്പുവരുത്താതെ അനുമതി നൽകിയതിലും ജില്ലാ പഞ്ചായത്ത് ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായതായി സമിതി വിലയിരുത്തുന്നു. 2.3 ലക്ഷം രൂപയുടെ സാമ്പത്തിക ക്രമക്കേടുണ്ടായിട്ടും ഓഡിറ്റ് പരാമർശം നിഷേധിച്ചും പണം തിരിമറി നടന്നിട്ടില്ലായെന്നുമുള്ള തെറ്റായ വിവരങ്ങൾ നൽകിയ സർക്കാർ മറുപടിയിന്മേൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

55. നിലവിലില്ലാത്ത കമ്പനിക്ക് പണം നൽകി 1,30,000 രൂപ സാമ്പത്തിക ക്രമക്കേട് നടത്തിയതിന് ഉത്തരവാദിയായവർക്കെതിരെ കോട്ടയം വിജിലൻസ് കോടതിയിൽ നിലനിൽക്കുന്ന കേസ് നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കണമെന്നും സമിതിയിൽ തെറ്റായ വിവരങ്ങൾ സമർപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

56. കൊച്ചി, പൊന്നാനി, തിരുവനന്തപുരം നഗരസഭകൾ, പള്ളിക്കുന്ന്, മീനങ്ങാടി, പിറവം, കാഞ്ഞങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകൾ, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നിവയിലെ ഓഡിറ്റ് പരാമർശങ്ങളിൽ തെളിവെടുപ്പ് യോഗവേളയിൽ സമിതി ആരാഞ്ഞ അധികവിവരങ്ങൾ സംബന്ധിച്ച മറുപടി ലഭ്യമാക്കാത്തതിന്മേൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. സമിതിയിൽ സമർപ്പിക്കുന്ന മറുപടി പൂർണ്ണവും യാഥാർത്ഥ്യവുമായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**4.8. അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങിയതിലുണ്ടായ നിഷ്ഫല ചെലവ്**

**ഖരമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിന് അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങുവാനുള്ള മാനന്തവാടി ഗ്രാമപഞ്ചായത്തിന്റെ തീരുമാനം 31.89 ലക്ഷം രൂപയുടെ നിഷ്ഫലമായ ചെലവിൽ കലാശിച്ചു.**

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുവദിച്ചതനുസരിച്ച് (2002 ജൂലൈ) മാനന്തവാടി ഗ്രാമപഞ്ചായത്ത് ചൂട്ടക്കടവിൽ 4.75 ഏക്കർ വിസ്തൃതിയുള്ള സ്വന്തം ഭൂമിയിൽ ഒരു ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചു (2004 ജൂലൈ). അഴുകിച്ചേരാത്ത മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കു കൂടി ബാധകമായ 2000-ലെ മുനിസിപ്പൽ ഖരമാലിന്യ (മാനേജ്മെന്റും കൈകാര്യം ചെയ്യലും) ചട്ടങ്ങൾക്കനുസൃതമായി നിലവിലുള്ള മാലിന്യ നിക്ഷേപസ്ഥലം ഒരു ലാന്റ്ഫിൽസൈറ്റ് ആയി മാറ്റി മുകളിൽ പറഞ്ഞ സ്ഥലത്ത് സ്ഥാപിക്കണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിരുന്നു.

പ്ലാന്റിന്റെ സ്ഥാപനം എളുപ്പമാക്കുന്നതിനുവേണ്ടി മേൽപ്പറഞ്ഞ വസ്തുവിന്റെ തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന 2.03 ഏക്കർ ഭൂമി വാങ്ങുവാൻ ഇതിനിടെ പഞ്ചായത്ത് തീരുമാനിച്ചു (2004 ജൂൺ). വയനാട് ജില്ലാകളക്ടറുടെ വില നിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഈ സ്ഥലത്തിന് സെന്റൊന്നിന് 15,000 രൂപ വില നിശ്ചയിച്ചു (2004 ഓഗസ്റ്റ്). ഭൂമിയുടെ ആകെ വില 15 ലക്ഷം രൂപയിൽ കവിയുമെന്നതിനാൽ ഉന്നതാധികാരികളുടെ അനുമതി കരസ്ഥമാക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചു (2004 നവംബർ). മലിനീകരണം ചൂണ്ടിക്കാണിച്ചുകൊണ്ട് തദ്ദേശവാസികളിലൊരാൾ പ്ലാന്റിന്റെ നിർമ്മാണം ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ഇനിയൊരുത്തരവുണ്ടാകുന്നതുവരെ പ്ലാന്റിന്റെ നിർമ്മാണം നിർത്തിവയ്ക്കുവാൻ മലിനീകരണ നിയന്ത്രണ ബോർഡ് 2004 ഒക്ടോബർ 30-ന് പഞ്ചായത്തിന് നിർദ്ദേശം നല്കി. ഇങ്ങനെയൊക്കെയായിട്ടും, സർക്കാരിൽ നിന്നും ഉത്തരവ് കരസ്ഥമാക്കാതെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അവസാന ഉത്തരവിനുവേണ്ടി കാത്തുനിൽക്കാതെയും 30 ലക്ഷം രൂപ ചെലവിൽ രണ്ട് ഏക്കർ സ്ഥലം വാങ്ങുകയാണ് (2005 ജനുവരി) പഞ്ചായത്ത് ചെയ്തത്.

മേൽചട്ടങ്ങൾ പ്രകാരം ലാൻഡ്ഫിൽ സൈറ്റുകൾ ജനങ്ങൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽനിന്നും ജലാശയങ്ങളിൽനിന്നും അകലെയായിരിക്കണമെന്നും ആ സ്ഥലത്ത് വാഹനങ്ങളും യന്ത്രസാമഗ്രികളും സ്വതന്ത്രമായി കൊണ്ടുപോകുന്നതിനു പറ്റിയ അപ്രോച്ച്

റോഡുകളും മറ്റു ഉൾറോഡുകളും ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വാങ്ങിയ ഭൂമി സ്ഥിതി ചെയ്യുന്നത് കബനീനദിയുടെ തീരത്ത് വാസസ്ഥലങ്ങൾക്ക് വളരെ സമീപത്തായതിനാലും മഴക്കാലത്ത് എത്തിപ്പെടാൻ സാധിക്കാത്തതിനാലും, പ്ലാന്റ് സ്ഥാപിക്കുന്നതിന് 2003 മാർച്ച് 31 വരെ നൽകിയ അനുമതിയുടെ കാലാവധി ദീർഘിപ്പിക്കണമെന്ന പഞ്ചായത്തിന്റെ അപേക്ഷ മലിനീകരണ നിയന്ത്രണ ബോർഡ് നിരാകരിച്ചു (2005 ജൂൺ).

(സി. ആന്റ് എ. ജി.യുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

57. വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിന് അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങുന്നതിന് 31.89 ലക്ഷം രൂപ ചെലവാക്കിയത് നിഷ്ഫലമായതിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് പ്രസ്തുത ഭൂമി വാങ്ങിയതിന്റെ അനുമതിപത്രത്തിന്റെ പകർപ്പ് കൊണ്ടുവന്നിട്ടുണ്ടെന്നും തുക നിഷ്ഫലമാക്കിയിട്ടില്ലാത്തതിനാൽ ഓഡിറ്റ് നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും മാനന്തവാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. തുക നിഷ്ഫലമായി എന്ന് പറയാനാവില്ലെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ഭൂമി ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

### നിഗമനം/ശിപാർശ

58. **മാലിന്യ സംസ്കരണ സംവിധാനത്തിനായി ഭൂമി വാങ്ങിയത് പദ്ധതിയുടെ വിജയസാധ്യതയെക്കുറിച്ച് പഠനം നടത്താതെയായിരുന്നു എന്ന് സമിതി വിലയിരുത്തുന്നു. ജനവാസസ്ഥലങ്ങൾക്ക് സമീപം നദീതീരത്തായി ശരിയായ അപ്രോച്ച് റോഡ് സൗകര്യം ഇല്ലാതെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഉത്തരവില്ലാതെയും ഖരമാലിന്യ സംസ്കരണത്തിന് അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങിയ നടപടി തെറ്റാണെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത സ്ഥലം വാങ്ങിയതു സംബന്ധിച്ച അനുമതി പത്രവും ഭൂമി ഫലപ്രദമായി വിനിയോഗിക്കുന്നതു സംബന്ധിച്ച റിപ്പോർട്ടും അക്കൗണ്ടന്റ് ജനറലിനെ ബോധ്യപ്പെടുത്തുന്നപക്ഷം ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

## 4.12 കെട്ടിടത്തിന്മേലുള്ള നിഷ്ഫല ചെലവ്

**യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും വാങ്ങാത്തതു കാരണം വനിതകൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ ആരംഭിക്കാൻ കഴിയാതിരുന്നത് കെട്ടിടം പണിയുന്നതിന് ചെലവാക്കിയ 11.70 ലക്ഷം രൂപ നിഷ്ഫലമാക്കി.**

പത്ത് വനിതകൾക്ക് വീതം തൊഴിൽ നൽകുന്നതിനായി യഥാക്രമം 4.94 ലക്ഷം രൂപയുടെയും 3.50 ലക്ഷം രൂപയുടെയും അടങ്കലിൽ ഒരു കട നിർമ്മാണ യൂണിറ്റും ഒരു വസ്ത്രനിർമ്മാണ യൂണിറ്റും സ്ഥാപിക്കുന്നതിനുവേണ്ടി രണ്ടുപദ്ധതികൾ 2000-01-ലെ വാർഷിക പദ്ധതിയിൽ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് ഉൾപ്പെടുത്തിയിരുന്നു. കെട്ടിടം നിർമ്മിക്കുന്നതിനും യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും വാങ്ങുന്നതിനുമുള്ള ചെലവുകൾ ഈ തുകയിൽ ഉൾപ്പെട്ടിരുന്നു. 7.27 ലക്ഷം രൂപ മൊത്തം ചെലവിൽ രണ്ടു കെട്ടിടങ്ങളുടെയും പണി യഥാക്രമം 2001 ഫെബ്രുവരിയിലും ജൂലൈയിലും പൂർത്തിയായി. മൊത്തം അടങ്കലിന്റെ 18 ശതമാനം മാത്രമായ 1.50 ലക്ഷം രൂപ വിലവരുന്ന യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും പഞ്ചായത്ത് വാങ്ങാത്തതുകൊണ്ട് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല.

ഈ യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചില്ലെങ്കിൽകൂടി, രണ്ടു കൊല്ലമായി വെറുതെ കിടക്കുകയായിരുന്ന കെട്ടിടങ്ങളുടെ രണ്ടാംനില നിർമ്മിക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചു. 4.43 ലക്ഷം രൂപ ചെലവിൽ ഈ നിർമ്മാണം 2004 മാർച്ചിൽ പൂർത്തീകരിച്ചു. പരിഷ്കരിച്ചതിനുശേഷവും യന്ത്രസാമഗ്രികൾ സ്ഥാപിക്കാത്തതുകാരണം കെട്ടിടങ്ങൾ ഉപയോഗിക്കാൻ സാധിച്ചില്ല. നേരത്തെ നിർമ്മിച്ച കെട്ടിടത്തിന്റെ ഭാഗങ്ങൾ വെറുതെ കിടക്കുകയായിരുന്നിട്ടും രണ്ടാംനില നിർമ്മിച്ച നടപടി വിവേകശൂന്യവും 11.70 ലക്ഷം രൂപയുടെ നിഷ്ഫല ചെലവിലേക്ക് നയിക്കുന്നതും ആയിരുന്നു. തന്നെയുമല്ല, 20 വനിതകൾക്ക് തൊഴിൽ നൽകുക എന്ന ഉദ്ദിഷ്ട ലക്ഷ്യവും നിറവേറിയില്ല.

ഇക്കാര്യം 2006 ഓഗസ്റ്റിൽ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തതിന്റെ മറുപടി ലഭിച്ചിട്ടില്ല (2007 മാർച്ച്).

(സി ആന്റ് എ. ജി.യുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.12)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

59. പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ വനിതകൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതിക്കായി കെട്ടിടം നിർമ്മിക്കുന്നതിന് 11.70 ലക്ഷം രൂപ നിഷ്ഫലമായി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ രേഖാമൂലം സമർപ്പിച്ച മറുപടി പരിശോധിച്ച സമിതി പദ്ധതിലക്ഷ്യമായിരുന്ന വസ്ത്ര നിർമ്മാണ യൂണിറ്റിനുവേണ്ടി തീരുമാനിച്ച ഭാഗത്ത് കൃഷിഭവന്റെ ഗോഡൗണും കടനിർമ്മാണ യൂണിറ്റിനായുള്ള ഭാഗത്ത് അടിയന്തിരപാടം അംഗനവാടിയും പ്രവർത്തിച്ചുവരികയാണെന്ന് നിരീക്ഷിക്കുകയും കെട്ടിട നിർമ്മാണത്തിനായി ചെലവാക്കിയ തുക നിഷ്ഫലമായിട്ടില്ലായെന്ന് വിലയിരുത്തുകയും ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

## നിഗമനം/ശിപാർശ

**60. പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ വനിതകൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതിക്കായി കെട്ടിടം നിർമ്മിക്കുന്നതിന് ചെലവാക്കിയ 11.70 ലക്ഷം രൂപ നിഷ്ഫലമായി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടിയിൽനിന്നും പദ്ധതിലക്ഷ്യമായിരുന്ന വസ്ത്രനിർമ്മാണ യൂണിറ്റിനുവേണ്ടി തീരുമാനിച്ച ഭാഗത്ത് കൃഷിഭവന്റെ ഗോഡൗണും കടനിർമ്മാണ യൂണിറ്റിനായുള്ള ഭാഗത്ത് അടിയന്തിരപാടം അംഗനവാടിയും പ്രവർത്തിച്ചുവരികയാണെന്ന് സമിതി മനസ്സിലാക്കുന്നു. കെട്ടിട നിർമ്മാണത്തിനായി ചെലവാക്കിയ തുക നിഷ്ഫലമായിട്ടില്ലായെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ ശിപാർശ ചെയ്യുന്നു.**

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017 മേയ് 15.

<u>അനുബന്ധം - I</u>

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | തദ്ദേശ സ്വയംഭരണ വകുപ്പ് | 31 | ആന്തരിക നിയന്ത്രണ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിലും മേൽനോട്ടം വഹിക്കുന്നതിനും ഓഡിറ്റ് പരാമർശവിധേയമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടുവെന്നും തന്മൂലം 1965-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്നപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിച്ചതും നൽകിയതുമായ തുകകൾ സംബന്ധിച്ച വിവരങ്ങൾ യഥാസമയം ക്യാഷ്ബുക്ക്, വരവുചെലവു രജിസ്റ്ററുകൾ മറ്റു അനുബന്ധ രജിസ്റ്ററുകൾ എന്നിവയിൽ കൃത്യമായി രേഖപ്പെടുത്തുന്നത് ഉറപ്പുവരുത്തുന്നതിൽ പ്രസ്തുത തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വീഴ്ചവരുത്തിയെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത അനാസ്ഥയാൽ പണം തിരിമറിക്കുള്ള സാദ്ധ്യത വർദ്ധിച്ചുവെന്നും അവ യഥാസമയം കണ്ടെത്തുവാൻ സാധിക്കാതെ വരികയുണ്ടായെന്നും സമിതി മനസ്സിലാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആന്തരിക നിയന്ത്രണ സംവിധാനം കൃത്യമായ മേൽനോട്ടത്തിലൂടെയും നിരീക്ഷണത്തിലൂടെയും അച്ചടക്കത്തോടെയും ശക്തിപ്പെടുത്തി ഭാവിയിൽ സാമ്പത്തിക ക്രമക്കേടുകൾ ഒഴിവാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 32 | അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ എ.ഡി.എസ്. അക്കൗണ്ടിലേക്ക് വായ്പാതുക സമയബന്ധിതമായി തിരിച്ചടയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നഗരസഭ നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാലാണ് രണ്ട് എ.ഡി.എസ്. ചെയർപേഴ്സൻമാർ വായ്പാ തിരിച്ചടവിൽ ക്രമക്കേടുകൾ നടത്തുവാൻ ഇടയാക്കിയത് എന്ന് സമിതി നിരീക്ഷിക്കുന്നു. മുൻകാലങ്ങളിൽ എ.ഡി.എസ്. ചെയർപേഴ്സൺ മുഖേനയുള്ള വായ്പാ തിരിച്ചടവിലെ പിഴവുകൾ അയൽക്കൂട്ടങ്ങൾ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചത് മുഖേന പരിഹരിക്കുവാൻ കഴിഞ്ഞുവെന്നും എ.ഡി.എസ്. അക്കൗണ്ടിലേക്ക് പണം നിക്ഷേപിച്ചി രുന്ന സമയത്തെ ക്രമക്കേട് പരിഹരിച്ചുവെന്നും ഉദ്യോഗസ്ഥർ സമിതിയിൽ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തി ന്മേലുള്ള നടപടി അവസാനിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 33 | അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ നിക്ഷേപിക്കുന്ന തുകയുടെ നിയന്ത്രണാധികാരവും പ്രസ്തുത തുകയുടെ തെറ്റായ വിനിയോഗം പരിശോധിക്കുന്നതിനും നടപടിയെടുക്കേണ്ടതിനുമുള്ള അധികാരം നിലവിൽ കുടുംബശ്രീക്ക് ആണെന്ന് സമിതി മനസ്സിലാക്കുന്നു. എ.ഡി.എസ്.കളിലേയും അയൽക്കൂട്ടങ്ങളുടേയും പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകളും കൃത്യമായി നിരീക്ഷിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കാൻ കുടുംബശ്രീ സംസ്ഥാനമിഷൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. എ.ഡി.എസ്.കളിലും അയൽക്കൂട്ടങ്ങളിലും ആഭ്യന്തര നിയന്ത്രണ ചട്ടങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നും പാളിച്ചകൾ നിരീക്ഷിച്ച് അടിയന്തരമായി പരിഹരിക്കുവാൻ എല്ലാ നഗരസഭകളിലും ആവശ്യമായ സംവിധാനം രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 34 | നഗരസഭകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നതിലുള്ള അനാസ്ഥ വൗച്ചറുകളിൽ കൃത്രിമവും തിരിമറിയും നടത്തുവാൻ ഇടയാക്കി എന്നും അതുവഴി 8.22 ലക്ഷം രൂപ നഷ്ടമുണ്ടായതായും സമിതി മനസ്സിലാക്കുന്നു. ആന്തരിക നിയന്ത്രണ സംവിധാനം കർശനമായി നടപ്പാക്കി ഭാവിയിൽ ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാത്തവിധം ഭരണസംവിധാനം |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| | | | ശക്തിപ്പെടുത്തി സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു |
| | ആഭ്യന്തരം | 35 | പെൻഷൻ തുക വിതരണവുമായി ബന്ധപ്പെട്ട് കുറ്റക്കാരായി കണ്ടെത്തിയ രണ്ടാമത്തെയും മൂന്നാമത്തെയും പ്രതികളിൽനിന്നും നഷ്ടത്തുക ഈടാക്കിയതു സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഒന്നാം പ്രതിക്കെതിരെയുള്ള കോടതിനടപടികൾ സംബന്ധിച്ചുള്ള നിലവിലെ സ്ഥിതിയുടെയും അടിയന്തര റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | വിജിലൻസ് | 36 | വിജിലൻസ് കോടതികളിലെ കാലപ്പഴക്കം ചെന്നതും തീർപ്പാക്കാത്തതുമായ സർക്കാർ കേസ്സുകളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് അവ സമയ ബന്ധിതമായി തീർപ്പാക്കാൻ സംവിധാനം രൂപീകരി ക്കണമെന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി ചാർജ്ഷീറ്റ് നൽകുന്ന കേസ്സുകളിന്മേലുള്ള നടപടി ത്വരിതപ്പെടുത്തി, സംസ്ഥാന സർക്കാരിന്റെ കൗൺസലും ബന്ധപ്പെട്ട വകുപ്പുകളും വി.സി.ബി.യ്ക്കുവേണ്ടി ഹാജരാകുന്ന ഉദ്യോഗസ്ഥരും ചേർന്ന് കൂടിയാലോചിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെയുള്ള കോടതി നടപടികൾ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| | ധനകാര്യം | 37 | കണക്കുകൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി കാഷ്ബുക്കിലും ബന്ധപ്പെട്ട ആഡിറ്റുകളിലും രേഖപ്പെടുത്തുന്നതിലും ട്രഷറി/ബാങ്ക് അക്കൗണ്ടുകളുമായി ഒത്തുനോക്കുന്നതിലും വീഴ്ചവരുത്തിയതുമൂലമാണ് സാമ്പത്തിക ക്രമക്കേടുണ്ടായതെന്ന് സമിതി വിലയിരുത്തുന്നു. നിലവിൽ കാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുന്നതിനും കണക്കുകൾ യഥാസമയം ബാങ്ക്/ട്രഷറി അക്കൗണ്ടു കളുമായി റെക്കൺസിലിയേഷൻ (ഒത്തുനോക്കൽ) |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നടത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച റിപ്പോർട്ടുനൽകുവാനും ഭാവിയിൽ ഈ സംവിധാനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 38 | സെൽഫ് ചെക്ക് മുഖേന പണം പിൻവലിക്കുകയും പ്രസ്തുത തുക കണക്കിൽ രേഖപ്പെടുത്താത്തതും ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കാത്തതും സംബന്ധിച്ച നഗരസഭയുടെ അനാസ്ഥയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കൃത്യമായി രേഖകൾ സൂക്ഷിക്കാതെ പണം പിൻവലിച്ച ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാനും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 39 | ആന്തരിക നിയന്ത്രണ സംവിധാനത്തിലെ പാളിച്ച മൂലമാണ് വൗച്ചറുകളിൽ കൃത്രിമവും തിരിമറിയും നടന്നതെന്ന് സമിതി മനസ്സിലാക്കുന്നു. നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും തുക ഈടാക്കുന്നതിനും സ്വീകരിച്ച നടപടി സംബന്ധിച്ചും വിരമിച്ച ഉദ്യോഗസ്ഥനെതിരെയുള്ള കോടതി നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും റിപ്പോർട്ട് നൽകണമെന്നും കൂടാതെ നഗരസഭയിൽ ഭരണസംവിധാനം ശക്തിപ്പെടുത്തി ഈ പ്രവണത ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടിയുടെ വിശദവിവരം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 40 | റവന്യൂപിരിവ് സംബന്ധിച്ച കണക്കുകൾ കൃത്യമായി രേഖപ്പെടുത്തേണ്ട ഡിമാന്റ് രജിസ്റ്റർ യഥാവിധി സൂക്ഷിക്കുന്നതിലും പരിശോധിക്കുന്നതിലും അകത്തേത്തറ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയെന്നും തന്മൂലം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നികുതി ഈടാക്കിയ രശീതിയിൽ കാണിച്ച തുകയേക്കാൾ കുറഞ്ഞ തുക പഞ്ചായത്ത് സൂക്ഷിക്കുന്ന കോപ്പിയിൽ രേഖപ്പെടുത്തുന്നതിനും 3.64 ലക്ഷം രൂപ നഷ്ടംവരുത്തുന്നതിനും ഇടയാക്കിയെന്നും സമിതി വിലയിരുത്തുന്നു. 1999 മുതൽ 2003 വരെ രേഖകളിൽ കൃത്രിമം കാട്ടി ഗുരുതരമായ തരത്തിൽ പണാപഹരണം നടത്തിയിട്ടും ആയത് അധികൃതരുടെ ശ്രദ്ധയിൽ പ്പെടാത്തതിന്മേൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 41 | രശീതിയിൽ കൃത്രിമം കാണിക്കുകയും രേഖകളിൽ തിരിമറി നടത്തുകയും ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുന്നതിനു സ്വീകരിച്ച നടപടിയും വകുപ്പുതല നടപടിയും സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിനും അതോടൊപ്പം രശീതിയിൽ ഭാവിയിൽ കൃത്രിമം കാണിക്കാതിരിക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദവിവരം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 42 | സ്വീകരിച്ച പണത്തിന് നിശ്ചിത ഫാറത്തിൽ രസീതുകൾ നൽകാതെ വെള്ളക്കടലാസിൽ കൈപ്പറ്റ് രസീത് നൽകുകയും ടി തുക രജിസ്റ്ററിൽ രേഖപ്പെടുത്താതെ സാമ്പത്തിക ക്രമക്കേട് നടത്തിയതും ഓഫീസ് നിയന്ത്രണത്തിൽ യാതൊരുവിധ മേൽനോട്ടവും പരിശോധനയുമില്ലാത്തതിനാലാണെന്ന് വ്യക്തമാകുന്നു. ഓഫീസ് നിയന്ത്രണത്തിലെ പ്രധാന വീഴ്ച പഞ്ചായത്തിന് ബോധ്യപ്പെടുകയും ഇപ്പോൾ പണം സ്വീകരിക്കുമ്പോൾ സംഖ്യാ സോഫ്റ്റ്‌വെയറിൽ കൂടി ഔദ്യോഗികമായി ലഭ്യമാകുന്ന കമ്പ്യൂട്ടർ രസീതാണ് നൽകുന്നതെന്നുമുള്ള സർക്കാർ റിപ്പോർട്ടിന്റെയും ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥരിൽ നിന്നും തുക പലിശ സഹിതം ഈടാക്കുകയും അവർക്കെതിരെ വകുപ്പുതല ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്തു ഡയറക്ടറുടെ മറുപടിയുടെയും അടിസ്ഥാന ത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 43 | 14,000 രൂപയുടെ വരവ് കണക്കിൽ കൊള്ളിക്കാത്തതും രശീതികൾ കാഷ് ബുക്കിൽ രേഖപ്പെടുത്തിയതുമായി ഒത്തുനോക്കാത്തതും സംബന്ധിച്ച പരാമർശത്തിന്മേൽ, നഷ്ടത്തുക പഞ്ചായത്തുഫണ്ടിൽ വരവുവെച്ചതായി അക്കൗണ്ടന്റ് ജനറലിന്റെ സ്പഷ്ടീകരണം ലഭിച്ചതിന്റെയടിസ്ഥാനത്തിൽ അനന്തരനടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 44 | സെൽഫ് ചെക്ക് മുഖേന പിൻവലിച്ച തുക ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നതിലും എൻഡോഴ്സ് ചെയ്ത ചെക്കിൽനിന്നുള്ള തുക പഞ്ചായത്ത് അക്കൗണ്ടിൽ വന്നിട്ടുണ്ടോയെന്നു ഒത്തുനോക്കുന്നതിലും വന്ന അനാസ്ഥമൂലമാണ് 59,000 രൂപയുടെ ക്രമക്കേട് നടന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത സാമ്പത്തിക തിരിമറിയിൽ മറ്റ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോയെന്നത് സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത ക്രമക്കേട് സംബന്ധിച്ച കോടതി നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും പണംതിരിമറി നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 45 | സെൽഫ് ചെക്ക് മുഖേന പഞ്ചായത്ത് ഫണ്ടിൽ നിന്നും സാമ്പത്തിക തിരിമറി നടത്തിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചതായും ടിയാനിൽ നിന്നും നഷ്ടത്തുക ഈടാക്കിയതായുമുള്ള സർക്കാർ മറുപടിയിന്മേൽ എ.ജി.യുടെ സ്പഷ്ടീകരണം ലഭ്യമായതിനാൽ അനന്തരനടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 46 | ചെലവു രേഖകളും രജിസ്റ്ററുകളും തയ്യാറാക്കുന്നതിനും സൂക്ഷിക്കുന്നതിലും പരാമർശവിധേയനായ സെക്രട്ടറിയുടെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥയും നിരുത്തരവാദിത്വവും ഉണ്ടായതായി സമിതി |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| | | | വിലയിരുത്തുന്നു. 2005-06-ലെ ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 2.8.8.1, 2.8.8.2 എന്നിവ പരിശോധിച്ച 30-7-2013-ലെ സമിതി യോഗത്തിന്റെ നിർദ്ദേശ പ്രകാരം ലഭ്യമാക്കിയ സർക്കാരിന്റേയും ഓഡിറ്റ് വകുപ്പിന്റേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾക്ക് ഉത്തരവാദിയായ വ്യക്തി തന്നെയാണ് സി & എ. ജി.യുടെ റിപ്പോർട്ടിലും പരാമർശവിധേയനായിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ടി ഉദ്യോഗസ്ഥൻ മരണപ്പെട്ടതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതു സംബന്ധിച്ച് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 47 | 2005-06 വർഷത്തിൽ അനുമതിയുമായി വൗച്ചറുകൾ ഒത്തു നോക്കാത്തതിന്റെ ഫലമായി 56,000 രൂപയുടെ പണം തിരിമറി നടന്നതുസംബന്ധിച്ച ഓഡിറ്റ് പരാമർശത്തിലെ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നഷ്ടത്തുക പലിശ സഹിതം ഈടാക്കിയിട്ടുണ്ടെന്നുമുള്ള മറുപടി പരിശോധിച്ചതിൻ പ്രകാരം അക്കൗണ്ടന്റ് ജനറലിന്റെ സ്പഷ്ടീകരണം ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടി അവസാനിപ്പി ക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 48 | 2003-04 വർഷത്തെ പട്ടികവർഗ്ഗ ഭവനനിർമ്മാണ പദ്ധതി നിർവ്വഹണത്തിന് പദ്ധതി മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ടോയെന്നതും പദ്ധതി തുകയുടെ വിനിയോഗം സംബന്ധിച്ചും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു സ്വീകരിച്ച നടപടിയിന്മേലും സർക്കാർ അന്വേഷണം നടത്തി റിപ്പോർട്ടു നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ യെന്നതു സംബന്ധിച്ചും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ടോയെന്നതു സംബന്ധിച്ചും റിപ്പോർട്ടു നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 49 | പെൻഷൻ വിതരണത്തിനായി ട്രഷറിയിൽ നിന്നും കൈപ്പറ്റിയ തുകയിൽ 1.61 ലക്ഷം രൂപ വിതരണം ചെയ്യാതെ തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നുംതന്നെ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. നഷ്ടത്തിന് ഉത്തരവാദിയായി കണ്ടെത്തിയ ഉദ്യോഗസ്ഥൻ മരണപ്പെട്ടതും ടിയാന്റെ അവകാശികളിൽ നിന്നും തുക ഈടാക്കാൻ പഞ്ചായത്തിന് അധികാരമില്ലായെന്ന കോടതിവിധി വന്ന സാഹചര്യത്തിലും പ്രസ്തുത കാലയളവിലെ പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിനൊപ്പം ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 50 | ഓഡിറ്റ് പരാമർശ പ്രകാരമുള്ള 9,000 രൂപയ്ക്ക് പുറമേ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ വിശദമായ പരിശോധനയിൽ കണ്ടെത്തിയ 7,872 രൂപയും ചേർന്ന് ആകെ 16,872 രൂപ പലിശ സഹിതം കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയതുസംബന്ധിച്ചും വകുപ്പുതല നടപടിയുടെ ഭാഗമായി ടിയാന്റെ മൂന്ന് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞിട്ടുണ്ടെന്നും സർക്കാർ ലഭ്യമാക്കിയ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 51 | ട്രഷറി വി.പി.എഫ്. അക്കൗണ്ടിൽനിന്നും വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുവേണ്ടി പിൻവലിച്ച തുക വിതരണംചെയ്യാതെ വല്ലപ്പുഴ സർവ്വീസ് സഹകരണബാങ്കിൽ പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടി തുക വീണ്ടും വിതരണം ചെയ്യുന്നതിനായി മറ്റൊരു വൗച്ചർ പ്രകാരം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പിൻവലിക്കുകയുംചെയ്ത കാര്യം ക്യാഷ് ബുക്കിലും അനുബന്ധ രജിസ്റ്ററുകളിലും രേഖപ്പെടുത്താത്തതു മൂലമാണ് ഒരേ ആവശ്യത്തിന് രണ്ടു തവണ തുക പിൻവലിച്ചതായ ഓഡിറ്റ് പരാമർശം വന്നതെന്നും സാമ്പത്തിക ക്രമക്കേട് നടന്നിട്ടില്ലായെന്നും സർക്കാർ മറുപടിയിൽനിന്നും സമിതി മനസ്സിലാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തരനടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 52 | അലവൻസുകൾ കൂടുതലായി കൈപ്പറ്റിയവരിൽ നിന്നും ടി തുക ഈടാക്കിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 53 | 2003-04 വർഷത്തെ ടെണ്ടർ ഫോം വില്പനയിലൂടെയും ഇ. എം. ഡി. പ്രകാരവും സ്വീകരിച്ച തുകകൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്താത്തതും ട്രഷറിയിൽ നിക്ഷേപിക്കാത്തതും മൂലമുള്ള നഷ്ടത്തുക പൂർണ്ണമായും ടി കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കിയെന്ന സർക്കാർ മറുപടിയിന്മേൽ, അക്കൗണ്ടന്റ് ജനറലിന്റെ സ്പഷ്ടീകരണം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 54 | കുടുംബശ്രീ സംഘങ്ങൾക്കായി തൊഴിൽ നൽകുന്നതിനുവേണ്ടി കരാറിലേർപ്പെട്ട കമ്പനിയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിനുള്ള ഓർഡർ കൊടുക്കുന്നതിലും വിശ്വാസ്യത ഉറപ്പുവരുത്താതെ അനുമതി നൽകിയതിലും ജില്ലാ പഞ്ചായത്ത് ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായതായി സമിതി വിലയിരുത്തുന്നു. 2.3 ലക്ഷം രൂപയുടെ സാമ്പത്തിക ക്രമക്കേടുണ്ടായിട്ടും ഓഡിറ്റ് പരാമർശം നിഷേധിച്ചും പണം തിരിമറി നടന്നിട്ടില്ലായെന്നുമുള്ള തെറ്റായ വിവരങ്ങൾ നൽകിയ സർക്കാർ മറുപടിയിന്മേൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 55 | നിലവിലില്ലാത്ത കമ്പനിക്ക് പണം നൽകി 1,30,000 രൂപ സാമ്പത്തിക ക്രമക്കേട് നടത്തിയതിന് ഉത്തരവാദിയായവർക്കെതിരെ കോട്ടയം വിജിലൻസ് കോടതിയിൽ നിലനിൽക്കുന്ന കേസ് നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കണമെന്നും സമിതിയിൽ തെറ്റായ വിവരങ്ങൾ സമർപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 56 | കൊച്ചി, പൊന്നാനി, തിരുവനന്തപുരം നഗരസഭകൾ, പള്ളിക്കുന്ന്, മീനങ്ങാടി, പിറവം, കാഞ്ഞങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകൾ, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നിവയിലെ ഓഡിറ്റ് പരാമർശങ്ങളിൽ തെളിവെടുപ്പ് യോഗവേളയിൽ സമിതി ആരാഞ്ഞ അധിക വിവരങ്ങൾ സംബന്ധിച്ച മറുപടി ലഭ്യമാക്കാത്തതിന്മേൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. സമിതിയിൽ സമർപ്പിക്കുന്ന മറുപടി പൂർണ്ണവും യഥാർത്ഥ്യവുമായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 58 | മാലിന്യ സംസ്കരണ സംവിധാനത്തിനായി ഭൂമി വാങ്ങിയത് പദ്ധതിയുടെ വിജയസാദ്ധ്യതയെക്കുറിച്ച് പഠനം നടത്താതെയായിരുന്നു എന്ന് സമിതി വിലയിരുത്തുന്നു. ജനവാസസ്ഥലങ്ങൾക്ക് സമീപം നദീതീരത്തായി ശരിയായ അപ്രോച്ച് റോഡ് സൗകര്യം ഇല്ലാതെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഉത്തരവില്ലാതെയും ഖരമാലിന്യ സംസ്കരണത്തിന് അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങിയ നടപടി തെറ്റാണെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത സ്ഥലം വാങ്ങിയതു സംബന്ധിച്ച അനുമതി പത്രവും ഭൂമി ഫലപ്രദമായി വിനിയോഗിക്കുന്നതുസംബന്ധിച്ച റിപ്പോർട്ടും അക്കൗണ്ടന്റ് ജനറലിനെ ബോധ്യപ്പെടുത്തുന്ന പക്ഷം ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | തദ്ദേശ സ്വയംഭരണ വകുപ്പ് | 60 | പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ വനിതകൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതിക്കായി കെട്ടിടം നിർമ്മിക്കുന്നതിന് ചെലവാക്കിയ 11.70 ലക്ഷം രൂപ നിഷ്ഫലമായി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ സമർപ്പിച്ച മറുപടിയിൽനിന്നും പദ്ധതിലക്ഷ്യമായിരുന്ന വസ്തുനിർമ്മാണയൂണിറ്റിനു വേണ്ടി തീരുമാനിച്ച ഭാഗത്ത് കൃഷിഭവന്റെ ഗോഡൗണും കുടനിർമ്മാണ യൂണിറ്റിനായുള്ള ഭാഗത്ത് അടിയന്തുപാടം അംഗനവാടിയും പ്രവർത്തിച്ചു വരികയാണെന്ന് സമിതി മനസ്സിലാക്കുന്നു. കെട്ടിടനിർമ്മാണത്തിനായി ചെലവാക്കിയ തുക നിഷ്ഫലമായിട്ടില്ലായെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ ശിപാർശ ചെയ്യുന്നു. |

## അനുബന്ധം - II

**2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ സി&എ.ജി റിപ്പോർട്ടിലെ ഖണ്ഡികകൾ 4.4, 4.6, 4.8, 4.10, 4.12, എന്നീ പരാമർശങ്ങളിൽ മേൽ സ്വീകരിച്ച നടപടി വിശദീകരണ പത്രിക**

| ഖണ്ഡിക | പരാമർശ ഖണ്ഡിക | സ്വീകരിച്ച നടപടി |
|---|---|---|
| 4.4 | **തദ്ദേശസ്ഥാപനങ്ങളിൽ ആന്തരിക നിയന്ത്രണം ഇല്ലാത്തത്**<br><br>നിഷ്കർഷിക്കപ്പെട്ട ആന്തരിക നിയന്ത്രണ വ്യവസ്ഥ പാലിക്കാത്തതുകൊണ്ട് 18 തദ്ദേശ സ്ഥാപനങ്ങളിൽ 33.87 ലക്ഷം രൂപയുടെ പണം തിരിമറി നടന്നു.<br><br>ഒരു സ്ഥാപനത്തിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് അത്യന്താപേക്ഷിതമായിട്ടുള്ള ശക്തമായ ഒരു ആന്തരിക നിയന്ത്രണ സംവിധാനം 1965-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളിൽ സ്വീകരിക്കപ്പെടുന്ന എല്ലാ തുകകൾക്കും സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ വ്യക്തിയോ ഒപ്പിട്ട് നിശ്ചിത മാതൃകയിൽ ഇരുവശമുള്ള കാർബൺ പേപ്പർ ഉപയോഗിച്ച് ഡ്യൂപ്ലിക്കേറ്റായി തയ്യാറാക്കിയ രശീതികൾ നൽകേണ്ടതാണ്. അതുപോലെ പണമായോ ചെക്കായോ ഒരോതവണ തുക നൽകുമ്പോഴും ആർക്കാണോ തുക നൽകേണ്ടത് അവരുടെ ഒപ്പും യഥാർത്ഥത്തിൽ തുക സ്വീകരിച്ച ആളുടെ ഒപ്പും അടങ്ങുന്ന ആവശ്യമെങ്കിൽ സ്റ്റാമ്പൊട്ടിച്ച ഒരു വൗച്ചർ വേണ്ടതാണ്. സ്വീകരിച്ചതും നൽകിയതും ആയ തുകകൾ പ്രതിമാസ കണക്കുകളും വാർഷിക ധനകാര്യപത്രികയും തയ്യാറാക്കുന്നതിനാവശ്യമായ കാഷ് ബുക്ക്, വരവു രജിസ്റ്റർ, ചെലവു രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തേണ്ടതാണ്. ഇവ കൂടാതെ, ഡിമാന്റ് രജിസ്റ്റർ, കടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്റ്റോക്ക് കണക്കുകൾ, ആസ്തി രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ഇടങ്ങിയവയും ആന്തരിക നിയന്ത്രണ വ്യവസ്ഥയിലെ ഉപകരണങ്ങളാണ്. ആന്തരിക നിയന്ത്രണ വ്യവസ്ഥ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിലും അതിന് മേൽനോട്ടം വഹിക്കുന്നതിലും | **പാലക്കാട് നഗരസഭ** - പാലക്കാട് നഗരസഭ കുടുംബശ്രീ ഏരിയാ ഡവലപ്പ്മെന്റ് സൊസൈറ്റികളായ വർഷ, രൂപ എന്നിവയുടെ 1997-98 മുതൽ 31.12.2003 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിംഗിന് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ വർഷ എ.ഡി.എസ്-ൽ 88,131/- രൂപയും രൂപഎ.ഡി.എസി-ൽ 47,056/- രൂപയുമായി ആകെ 1,35,187/- രൂപ കുറവുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു.<br>പ്രസ്തുത തുക അയൽക്കൂട്ടങ്ങളിൽ നിന്നും പിരിച്ചെടുത്ത ത്രിഫ്റ്റ് (സമ്പാദ്യം) സംഖ്യയാണ്. ഇതിൽ നഗരസഭയുടെ ഫണ്ടുകൾ ഒന്നുംതന്നെ വരുന്നില്ല. ടി സംഖ്യ എ.ഡി.എസ് ചെയർപേഴ്സന്റെയും കമ്മ്യൂണിറ്റി ഓർഗനൈസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും അത്യാവശ്യമുള്ള അംഗങ്ങൾക്ക് മുൻഗണനാ ക്രമത്തിൽ ബാങ്കിൽ നിന്നും പിൻവലിച്ച് വായ്പയായി നൽകുകയുമാണ് ചെയ്തിരുന്നത്. ഇങ്ങനെ കൊടുത്ത സംഖ്യ കൃത്യസമയത്ത് തിരിച്ചടയ്ക്കാതിരുന്നതിനാലാണ് കണക്കിൽ വ്യത്യാസം കാണപ്പെട്ടത്. ഇത്തരത്തിലുള്ള പരാതി വ്യാപകമായപ്പോൾ സർക്കാർ നിർദ്ദേശപ്രകാരം അക്കൗണ്ട് അതാത് അയൽക്കൂട്ടങ്ങളിലെ സെക്രട്ടറിയുടെയും പ്രസിഡണ്ടിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് പിൻവലിച്ച് നൽകി.<br><br>അതുപ്രകാരം പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് അക്കൗണ്ട് ഇടങ്ങിയപ്പോൾ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് ലഭിക്കേണ്ട അവരുടെ സമ്പാദ്യം അതാത് അംഗത്തിന്റെ പുസ്തകത്തിൽ വരവ് വെച്ച് തിരിച്ചേൽപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ മുനിസിപ്പാലിറ്റിയുടെ യാതൊരുവിധ ഫണ്ടും നഷ്ടപ്പെട്ടിട്ടില്ല. മാത്രവുമല്ല യഥാർത്ഥത്തിൽ സമ്പാദ്യം നിക്ഷേപിച്ച അംഗങ്ങൾക്ക് |

818/2017.

| | | |
|---|---|---|
| | സർക്കാരും തദ്ദേശസ്ഥാപനങ്ങളുടെ സെക്രട്ടറിയും അദ്ധ്യക്ഷനും പരാജയപ്പെട്ടു. നിർദ്ദേശിക്കപ്പെട്ട നടപടിക്രമം പാലിക്കുന്നതിൽ വീഴ്ച വരുത്തിയുള്ള കാരണം വാർഷിക ധനകാര്യ പത്രികകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. ഇത് പണം തിരിമറിക്കും മറ്റു സാമ്പത്തിക ക്രമക്കേടുകൾക്കും വഴിവച്ചു.<br><br>അനുബന്ധം IX -ൽ വിവരിച്ചിരിക്കുന്നതു പോലെ 33.87 ലക്ഷം രൂപ ഉൾപ്പെടുന്ന 18 പണംതിരിമറി സംഭവങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ ലോക്കൽ ഓഡിറ്റിൽ കണ്ടെത്തി. ഉദ്യോഗസ്ഥർ നടത്തിയ പണംതിരിമറികൾ തദ്ദേശസ്ഥാപനങ്ങൾ വേണ്ടത്ര ഗൗരവത്തോടെയല്ല വീക്ഷിച്ചത്. തിരിമറികൾ ശ്രദ്ധയിൽ ശ്രദ്ധയിൽപെട്ടപ്പോഴൊക്കെ അവ സർക്കാരിന്റെ കൊണ്ടുവന്നെങ്കിലും തിരിമറി നടത്തിയ 4.75 ലക്ഷം രൂപ ഈടാക്കിയതല്ലാതെ അച്ചടക്കനടപടികളൊന്നും കൈക്കൊണ്ടില്ല. ശരിയായ രീതിയിലുള്ള രേഖകൾ മേൽനോട്ടത്തിലും നിരീക്ഷണത്തിലും കണക്കുകൾ സംബന്ധിച്ച സൂക്ഷിക്കുന്നതു വഴി ആന്തരിക നിയന്ത്രണ സംവിധാനം കർശനമായി നടപ്പാക്കിയാൽ മാത്രമെ പണം തിരിമറിയ്ക്കുള്ള ആപത് സാദ്ധ്യത ലഘൂകരിക്കാൻ സാധിക്കുകയുള്ളു. ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കാൻ സർക്കാർ ഒരു നടപടിയും സ്വീകരിക്കാതിരുന്നത് ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4.1-ൽ വിവരിച്ചിരിക്കുന്നതുപോലെ തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിന വേണ്ടി മാറിയ പണം തിരിമറി നടക്കുന്നതിനിടയാക്കി.<br><br>ഇക്കാര്യം 2007 ജനവരിയിൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തതിന് മറുപടി ലഭിച്ചിട്ടില്ല. (2007 മാർച്ച്). | തുക തിരിച്ചുനൽകുകയും ചെയ്തിട്ടുള്ളതാണ്. ഇതിന്റെ പേരിൽ തുക തിരിച്ചുലഭിച്ചിട്ടില്ല എന്നുള്ള ഒരു പരാതിയും നാളിതുവരെ പ്രസ്തുത എ.ഡി.എസ്.കളിൽ നിന്നും ലഭിച്ചിട്ടുമില്ല. എ.ഡി.എസ് അയൽക്കൂട്ട ഭാരവാഹികൾ പലപ്രാവശ്യം മാറുകയും ചെയ്തതിനാൽ തുക തിരച്ചു നൽകിയതിന്റെ രേഖകൾ ലഭിക്കാൻ നിർവ്വാഹമില്ലാത്തതാണ്. മേൽപരാമർശം ഉൾക്കൊണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഒഴിവാക്കിതരണമെന്ന് അപേക്ഷിക്കുന്നു.<br><br><u>കൊച്ചി കോർപ്പറേഷൻ-</u> നഗരസഭയിൽ 1.04.07 മുതൽ നടപ്പിലാക്കിയ ഡബിൾ എൻട്രി സിസ്റ്റവും 01.10.12 മുതൽ നിലവിൽ വന്ന സാംഖ്യ സിസ്റ്റവും മുഖേന അക്കൗണ്ടിംഗ് സമ്പ്രദായം കണക്കുകൾ വളരെ കാര്യക്ഷമവും കൃത്യമായും നടന്നുപോകുന്നുണ്ട്. വ്യക്തികൾക്ക് പണം നൽകുന്നത് ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിക്കുന്ന നിർദ്ദേശമനുസരിച്ചാണ് കൂടാതെ ഇതു സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തുന്നുണ്ട്. ആയത് വകുപ്പുതലവൻ, സെക്രട്ടറി, എന്നിവർ പരിശോധിച്ച് ഒപ്പുവച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിൽ നിർദ്ദേശിക്കുന്ന എല്ലാവിധ രജിസ്റ്ററുകളും കൃത്യമായും കാര്യക്ഷമമായും തയ്യാറാക്കി സൂക്ഷിച്ചുവരുന്നു. പെൻഷൻ തുക വിതരണവുമായി ബന്ധപ്പെട്ട് കുറ്റക്കാരായി കാണപ്പെട്ട ജീവനക്കാർക്കെതിരെയുള്ള കേസ് ഇപ്പോഴും വിചാരണയിലാണ്. അന്തിമവിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br><u>പൊന്നാനി നഗരസഭ:-</u> പൊന്നാനി നഗരസഭയുടെ ആഭ്യന്തര നിയന്ത്രണത്തിൽ കാണപ്പെട്ട താഴെ പറയുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.<br>1. ക്യാഷ്ബുക്ക്<br>ഓഡിറ്റ് പരാമർശത്തിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ട്. കൂടാതെ 01.04.2013 മുതൽ സാംഖ്യ സോഫ്റ്റ് വെയർ പ്രകാരമാണ് പേയ്മെന്റുകൾ നടത്തിവരുന്നത്. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടിലെ I, III, IV എന്നി പരാമർശങ്ങളിലെ |

അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

2. <u>വൗച്ചറുകൾ</u> ഓഡിറ്റ് വർഷത്തിലെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. നിലവിൽ വൗച്ചറുകൾ മാസംതിരിച്ച് ക്രമത്തിൽ അടുക്കി സൂക്ഷിക്കുന്നുണ്ട്.
3. <u>ഡിമാന്റ് ഡ്രാഫ്റ്റിന് പകരം ചെക്ക് നൽകൽ.</u>
   മറുപടി. നോൺ ബാങ്കിങ് ട്രഷറി മുഖേനയാണ് പദ്ധതി പ്രകാരമുള്ള പണമിടപാടുകൾ നടത്തുന്നത്. ആയതിനാൽ ദേശസാൽകൃത ബാങ്കിൽ പ്രത്യേക അക്കൗണ്ട് ഇടങ്ങുകയും ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന തുക ടി അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽ നിന്ന് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ഡിമാന്റ് ഡ്രാഫ്റ്റായി നൽകി വരുന്നുണ്ട്. എന്നാൽ ചില സന്ദർഭങ്ങളിൽ ഡി.ഡി എടുക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ പൊതുജനങ്ങളുടെ സൗകര്യാർത്ഥം ചെക്കായും നൽകി വരുന്നുണ്ട്.
4. <u>വിനിയോഗിക്കാത്ത തുകയുടെ തിരിച്ചടവ്</u>
   വിനിയോഗിക്കുവാൻ സാധിക്കുന്ന തുകകൾ മാത്രം പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക യഥാസമയം ട്രഷറിയിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
5. <u>വരവ് ചെലവ് രജിസ്റ്ററുകൾ</u>
   നിലവിൽ സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ ടി അപാകതകൾ പരിഹരിച്ചിട്ടുണ്ട്.
6. <u>മുൻകൂർ രജിസ്റ്റർ</u>
   നിർവ്വഹണ ഏജൻസികൾക്കും ഗുണഭോക്തൃ സമിതി കൺവീനർമാർക്കും നൽകുന്ന മുൻകൂറുകൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നതാണ്. മുൻകൂറുകൾ ക്രമീകരിക്കാതെ വീണ്ടും മുൻകൂറുകൾ അനുവദിക്കുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

അനുബന്ധം IX-ൽ പരാമർശിച്ച സെൽഫ് ചെക്ക് മുഖേന പിൻവലിച്ച 0.26 ലക്ഷം രൂപ കണക്കിൽ കൊള്ളിച്ചിട്ടില്ല എന്നത് ക്യാഷ് ബുക്കിലെ രേഖകൾ പരിശോധിക്കാത്തതും ബാങ്ക്/ട്രഷറി റീ കൺസിലേഷൻ ഇല്ലാത്തതും കാരണമാണെന്ന് സൂചിപ്പിച്ചിരുന്നു. നിലവിൽ ടി അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ

| | | |
|---|---|---|
| | | സ്വീകരിച്ചിട്ടുണ്ടെന്ന വിവരം ഇതിനാൽ വിനയപൂർവ്വം അറിയിച്ചുകൊള്ളുന്നു.<br>__തിരുവനന്തപുരം നഗരസഭ -__<br>ആഡിറ്റ് നിരീക്ഷണം അംഗീകരിക്കുന്നു.<br>നിലവിൽ തിരുവനന്തപുരം നഗരസഭ പ്രതിമാസ കണക്കുകളും, വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിനാവശ്യമായ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുകയും, ബാദ്ധ്യത വരുത്തിയിട്ടുള്ളവരിൽ നിന്നും തുകകൾ ഈടാക്കി വരികയും ചെയ്തിട്ടുണ്ട് ഡിമാന്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവകൾ സിഡിയിലാക്കിയും പ്രിന്റൗട്ട് എടുത്തും സൂക്ഷിക്കുകയും ചെയ്തുവരുന്നുണ്ട്<br>ആഡിറ്റ് ഖണ്ഡിക 4.1-ൽ പ്രതിപാദിച്ചിരുന്ന തൊഴിൽരഹിത വേതന തിരിമറി സംബന്ധിച്ച് നിലവിൽ വിജിലൻസ് അന്വേഷണം നടന്നു വരികയാണ്. ആയത് സംബന്ധിച്ച് ബഹു.നിയമസഭാ സമിതി 22.06.2010-ൽ പരിശോധിക്കുകയും തിരിമറി നടത്തിയ ജീവനക്കാരനായ ശ്രീ.പി.എൽ.ജീവനിൽ നിന്നും തുക ഈടാക്കിവരികയും ചെയ്തു വരികയാണ്. മറ്റൊരു ജീവനക്കാരനായ ശ്രീ.സദാശിവൻ നായർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുണ്ടെങ്കിലും വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ സർവ്വീസ് ആനുകൂല്യങ്ങൾ യാതൊന്നും തന്നെയും നൽകിയിട്ടില്ലാത്തതാണ്.<br>വിവിധ ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായ കമ്പ്യൂട്ടർ വത്ക്കരണം നടത്തുകയും, ഡബിൾ എൻട്രി സാംഖ്യ ആപ്ലിക്കേഷൻ നടപ്പിലാക്കുകയും, ആയത് സംബന്ധിച്ച ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.<br>നഗരസഭയിലേയ്ക്ക് വരുന്ന മുഴുവൻ വരുമാനവും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ വഴി സ്വീകരിക്കുകയും, ഈ പണത്തിന് സോഫ്റ്റ് വെയറിലൂടെ കമ്പ്യൂട്ടർ പ്രിന്റഡ് രസീത് നൽകുകയും ചെയ്യുന്നു. അതോടൊപ്പം ഈ പണം ബാങ്കിൽ നിക്ഷേപിക്കുന്നതടക്കമുള്ള കാര്യങ്ങൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുകയും, അതാത് ദിവസംതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് പ്രാഥമിക അനുമതി നൽകുകയും മുഴുവൻ പേമെന്റുകളും സോഫ്റ്റ് വെയർ പേ ഓർഡർ രേഖപ്പെടുത്തി |

| | | |
|---|---|---|
| | | സൂപ്രണ്ടുമാർ സോഫ്റ്റ് വെയർ പരിശോധിച്ച് അന്തിമ അനുമതി നൽകുകയും ചെയ്യുന്നു. മുഴുവൻ പേമെന്റിന്റെയും ചെക്ക് നമ്പർ, തീയതി, ബാങ്ക് ഇടങ്ങിയ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നു. ഇത് പരിശോധിച്ചശേഷം മാത്രമാണ് സെക്രട്ടറി ചെക്ക് ഒപ്പ് വയ്ക്കുന്നത്. പണം, ചെക്ക്, ഡ്രാഫ്റ്റ് എന്നിവ കൈകാര്യം ചെയ്യുന്ന വിഭാഗങ്ങളിൽ ശരിയായ രീതിയിലുള്ള മേൽനോട്ടം വഹിക്കുന്നതിന് സൂപ്രണ്ടുമാർ, വകുപ്പ് തലവൻമാർ ഉൾപ്പെടെയുള്ളവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഡബിൾ എൻട്രി സാംഖ്യ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ ആയതുകൊണ്ട് പണം തിരിമറി നടത്താൻ സാധിക്കുകയില്ല എന്നുകൂടി റിപ്പോർട്ട് ചെയ്യുന്നു. |
| | അനുബന്ധം IX | കൊല്ലം (1), കോട്ടയം (1), എറണാകുളം (1), പാലക്കാട് (3) , മലപ്പുറം (1), കോഴിക്കോട്(1), വയനാട്(1) കണ്ണൂർ (3) ജില്ലകളിലെ 12 പഞ്ചായത്തുകളാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്.<br>നികുതി ഈടാക്കിയപ്പോൾ നൽകിയ രസീതിയുടെ കോപ്പിയിൽ യഥാർത്ഥ തുകയും ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കുന്ന കോപ്പിയിൽ കുറഞ്ഞ തുകയും രേഖപ്പെടുത്തി.<br><br>പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്താണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ യു.ഡി ക്ലാർക്കായിരുന്ന ശ്രീ.എം.പി.ശരത് ചന്ദ്രൻ 01/1999 മുതൽ 3.7.03 വരെയുള്ള കാലയളവിൽ രസീതിയിൽ കൃത്രിമം കാണിച്ചും രേഖകളിൽ തിരിമറി നടത്തിയും 3,63,415/- രൂപ ധനാപഹരണം നടത്തിയതായി കണ്ടെത്തുകയും ചെയ്തു. ടിയാൻ 4.7.03-ന് രസീതി നമ്പർ 63/70633 പ്രകാരം 4 ലക്ഷം രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ അപഹരിക്കപ്പെട്ടിരുന്നത് 4,31,776/- രൂപയാണ്. കുറവായി പിടിച്ചിട്ടുള്ള 31,776/- രൂപയും അപഹരിക്കപ്പെട്ട തുകയുടെ പിഴപ്പലിശ 1,10,862/- രൂപയും ഉൾപ്പെടെ 1,42,638/- രൂപ ടിയാനിൽ നിന്നും വസൂലാക്കേണ്ടതിൽ 20.06.13 വരെ 1,26,000/- രൂപ വിവിധ തീയതികളിലെ വിവിധ നമ്പർ രസീതി പ്രകാരം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് വസൂലാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന തുക മാസതവണകളായി അടച്ചുവരുന്നുണ്ട്. തുക അടവാക്കുന്നതിനനുസരിച്ച് പഞ്ചായത്ത് ഫണ്ടിൽ |

വരവ് വെയ്ക്കുന്നതാണെന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട ചെയ്തിട്ടുണ്ട്.

പണം സ്വീകരിച്ചപ്പോൾ നിശ്ചിത ഫാറത്തിൽ രസീതികൾ പകർപ്പ് സഹിതം തയ്യാറാക്കി നൽകുന്നതിനു പകരം വെള്ളക്കടലാസിൽ കൈപ്പറ്റ് രസീത് എഴുതി നൽകുകയും കണക്കിൽ ചേർക്കാതിരിക്കുകയു ചെയ്തു.

കൊല്ലം ജില്ലയിലെ അഞ്ചൽ ഗ്രാമപഞ്ചായത്താണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത പരാമർശം ഓഫീസ് നിയന്ത്രണത്തിലെ പ്രധാന വീഴ്ചയായി പഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പണം സ്വീകരിക്കുമ്പോൾ തന്നെ സാംഖ്യ സോഫ്റ്റ് വെയറിൽ കൂടി ഔദ്യോഗികമായി ലഭ്യമാകുന്ന കമ്പ്യൂട്ടർ പ്രിന്റഡ് രസീതാണ് നൽകുന്നത്. ടി ഓഡിറ്റ് പരാമർശം തുടർന്നുള്ള വർഷങ്ങളിൽ പരിഹരിച്ചിട്ടുള്ളതിനാൽ ആയത് ഒഴിവാക്കി നൽകണമെന്ന എ.ഡി.പി അപേക്ഷിച്ചിട്ടുണ്ട്.

<u>വരവ് കണക്കിൽ കൊള്ളിക്കാത്തത്</u>

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്താണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. പരാമർശിക്കപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ 2004-05, 2005-06 വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ 14000/- രൂപയുടെ വരവ് കണക്കിൽ കൊള്ളിക്കാത്തതായും രശീതികൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയതുമായി ഒത്തുനോക്കാത്തത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ വരവുവെക്കുകയും ആയതിന്റെ റിപ്പോർട്ട് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് അധികാരികളെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തടസ്സം തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. സാംഖ്യ വഴി ഇപ്പോൾ കൃത്യമായി കണക്കുകൾ പരിപാലിച്ചുവരികയാണ് എന്ന് കണ്ണൂർ എ.ഡി.പി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>സെൽഫ് ചെക്ക് മുഖേന പിൻവലിച്ച പണം കണക്കിൽ കൊള്ളിച്ചില്ല.</u>

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്താണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്.

കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറിയിൽ അടക്കേണ്ട തുക ക്ലാസ്

4 ജീവനക്കാരനായിരുന്ന ശ്രീ.കെ.എം.തോമസ് തിരിമറി നടത്തിയതായിട്ട് ആരോപിക്കുന്നു. ഇത് സംബന്ധിച്ച വിജിലൻസ് കോടതിയിൽ വി.സി/9/03 കെറ്റി.എം. നമ്പരായി കേസ് നിലനിൽക്കുന്നതും വിചാരണ നടന്നുവരികയുമാണ്. നിലവിൽ ക്യാഷ്ബുക്ക് കൃത്യമായി എഴുതുകയും പ്രതിമാസ ബാങ്ക്/ട്രഷറി റീകൺസിലിയേഷൻ നടത്തുകയും ചെയ്യുന്നു എന്ന് കോട്ടയം എ.ഡി.പി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്തിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള മറുപടി നേരിട്ട് അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കാൻ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21.10.2011-ലെ 56409/എസി11/11/തസ്വഭവ കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 11.11.2011 -ലെ 8(6) നം.തീരുമാനം സഹിതം മറുപടി സമർപ്പിച്ചു. തുടർന്ന് അക്കൗണ്ടന്റ് ജനറൽ ആഫീസിൽ നിന്നും LBA/HQ/IV/8A-1040-11-12/250 പ്രകാരം മറുപടി ലഭ്യമായില്ല എന്ന് അക്കൗണ്ടന്റ് ജനറൽ അറിയിച്ചതായി സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം പാലക്കാട് എ.ഡി.പി ബോധിപ്പിച്ചിരിക്കുന്നു.

<u>വൗച്ചറുകളിൽ കൃത്രിമവും തിരിമറിയും</u>

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ, പള്ളിക്കുന്ന് വയനാട് ജില്ലയിലെ മീനങ്ങാടി, എറണാകുളം ജില്ലയിലെ പിറവം, മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് എന്നി ജില്ലകളാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്.

കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ 1996-2001 വർഷകാലയളവിൽ സെക്രട്ടറിയായി ജോലി ചെയ്തിരുന്ന ആർ.ബാലചന്ദ്രൻ രേഖകളും രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കാതെയും സൂക്ഷിക്കാതെയും ചെലവുകൾ ചെയ്തതുമൂലം പഞ്ചായത്തിന് വൻ ബാധ്യതവരുത്തി വച്ചിട്ടുണ്ട്. കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തുവരവെ ടിയാനെ സാമ്പത്തിക ക്രമക്കേടുകളുടെ ഭാഗമായി 18.9.2004 തീയതി സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും 31.10.2005 തീയതിയിൽ സർവ്വീസിൽ നിന്ന് വിരമിച്ചതിനുശേഷം 3.8.2006 തീയതി മരണപ്പെടുകയും ചെയ്തു. ടിയാൻ ജോലി ചെയ്തിരുന്ന കാലയളവിലെ വൗച്ചറുകളോ രേഖകളോ യാതൊന്നും തന്നെ പഞ്ചായത്തിൽ നിന്നും കണ്ടെത്താനായിട്ടില്ല.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 30.07.2013-ലെ യോഗ പരാമർശ പ്രകാരം ആർ.ബാലചന്ദ്രൻ ജോലി ചെയ്തിരുന്ന

| | | |
|---|---|---|
| | | പഞ്ചായത്തുകളിൽ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് പി.എ 5-6479/13 നമ്പറായി 3.09.2013 തീയതി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന് കണ്ണൂർ എ.ഡി.പി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | പള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ 2005-06 വർഷത്തിൽ അനുമതിയുമായി വൗച്ചറുകൾ ഒത്തുനോക്കാത്തതിന്റെ ഫലമായി 56000/- രൂപയുടെ പണം തിരിമറി നടത്തിയതായി അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. പ്രസ്തുത 56000/- രൂപ പഞ്ചായത്ത് ഫണ്ടിൽ സ്ഥാപനത്തിന്റെ ഡയറക്ടർ 222675/15.09.2006 നമ്പർ ചെക്ക് പ്രകാരം അടവാക്കിയിട്ടുണ്ട്. 56000/- രൂപ തിരിച്ചടക്കുന്നതിന് കാലതാമസം വരുത്തിയതിന് 4900/- രൂപ പിഴപലിശയിനത്തിൽ 39376/69/5.10.10 തീയതിയിലെ റസീറ്റ് പ്രകാരം പഞ്ചായത്തിൽ ഒടുക്കുകയും ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ 2 ഇൻക്രിമെന്റ് തടഞ്ഞുവെക്കുകയും ചെയ്തിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. |
| | | <u>മീനങ്ങാടി</u><br><br>മീനങ്ങാടി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ 2003-04 പട്ടിക വർഗ്ഗ ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താവിന്റെ ഒപ്പ് വ്യാജമായി പതിച്ച് 3,00,000/- അനുവദിച്ചിട്ടുണ്ടെന്നും ആയത് തിരിച്ചടക്കണമെന്നുമുള്ള പരാമർശത്തെ തുടർന്ന് പ്രസ്തുത കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ.വി.കെ.ഗോപിനാഥൻ, മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ.എം.രാഘവൻ പദ്ധതി നടത്തിപ്പ് ഏജൻസിയായിരുന്ന ആദിവാസി യുവജന സമിതി പ്രസിഡന്റ് ശ്രീ.വി.എം.വിജയൻ എന്നിവർക്ക് 12.11.2010 തീയതിയിൽ നോട്ടീസ് നൽകി ശ്രീ.എം.രാഘവൻ എന്നിവർ പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയ്ക്ക് ആർക്കും ചെക്ക് നൽകുവാൻ തനിക്ക് അധികാരമില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മാത്രമാണ് ഉത്തരവാദിയെന്നും മറുപടി നൽകി. പദ്ധതി മാനദണ്ഡങ്ങൾ പാലിച്ചാണ് പദ്ധതി നടപ്പിലാക്കിയതെന്നും ഗുണഭോക്താക്കളുടെ ഒപ്പിൽ വന്ന മാറ്റത്തെ |

| | | |
|---|---|---|
| | | വ്യാജ ഒപ്പായി തെറ്റിദ്ധരിച്ചതാണെന്നും ശ്രീ.വി.എം.വിജയൻ മറുപടി നൽകിയിട്ടുണ്ട്. അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ.വി.കെ.ഗോപിനാഥന് അയച്ച നോട്ടീസിന് ടിയാനിൽ നിന്നും ഒരു മറുപടിയും ലഭിച്ചിട്ടില്ല എന്നും കാണുന്നു. ഓഡിറ്റ് ബാധ്യത തുക ഈടാക്കുന്നതിനുള്ള യഥാർത്ഥ ഉത്തരവാദിയെ നിർണ്ണയിക്കുന്നതിനുള്ള അവ്യക്തതയാണ് മേൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള വിഘ്നകാരണമായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത ഭവനങ്ങൾ നേരിട്ട് പരിശോധിച്ചതിൽ പണി പൂർത്തീകരിച്ച് ബന്ധപ്പെട്ട ഗുണഭോക്താക്കൾ തന്നെയാണ് ഭവനങ്ങളിൽ താമസിക്കുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും സർക്കാരിന്റെ പണം നഷ്ടപ്പെടുകയോ യഥാർത്ഥ ഗുണഭോക്താവിന് ആനുകൂല്യം ലഭിക്കാതിരിക്കുകയോ ചെയ്തിട്ടില്ലെന്നാണ് മനസ്സിലാവുന്നത് എന്ന് വയനാട് എ.ഡി.പി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | പിറവം ഗ്രാമ പഞ്ചായത്തിൽ നടന്ന പണം തിരിമറിയുടെ ഉത്തരവാദിയായി കണക്കാക്കപ്പെട്ട, അന്തരിച്ച യു.ഡി ക്ലാർക്ക് ശ്രീ.എൻ.ശ്രീകുമാറിന്റെ സ്വത്തുക്കളിൽ നിന്ന് ഈടാക്കുന്നതിന് മൂവാറ്റുപുഴ സബ് കോടതിയിൽ ഫയൽ ചെയ്തിരുന്ന O.S-156/2007 നമ്പർ കേസിന്റെ അന്തിമ വിധിന്യായവും അനുബന്ധ രേഖകളും 13.03.12 ജില്ലാ പഞ്ചായത്തിൽ വച്ച് എ.ജി നടത്തിയ ആഡിറ്റ് ക്ലിനിക്ക് വിശദമായി പരിശോധനയ്ക്കായി സമർപ്പിച്ചു. പണം തിരിമറിയുടെ കാലയളവിൽ സെക്രട്ടറിയുടെ പൂർണ്ണ അധികച്ചുമതല വഹിച്ചിരുന്ന ജൂനിയർ സൂപ്രണ്ട്, ശ്രീ.കെ.കെ.മണികണ്ഠൻ, ശ്രീ.എൻ.ശ്രീകുമാറിന് പണം കൈമാറിയതായോ, ശ്രീ.എൻ ശ്രീകുമാർ പണം തിരിമറി നടത്തിയതായോ രേഖകൾ ഇല്ലെന്നും, ടിയാന്റെ നിയമാനുസൃത അവകാശികളിൽ നിന്നും തുക ഈടാക്കുവാൻ പഞ്ചായത്തിന് അധികാരമില്ലെന്നും കോടതി അന്തിമ വിധി പ്രസ്താവിച്ച സാഹചര്യത്തിൽ അന്ന് സെക്രട്ടറിയുടെ പൂർണ്ണഅധിക ചുമതല വഹിച്ചിരുന്ന ജൂനിയർ സൂപ്രണ്ട്, ശ്രീ.കെ.കെ.മണികണ്ഠനിൽ നിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുന്നതിന് ആഡിറ്റ് ക്ലിനിക്ക് നിർദ്ദേശിച്ചു.<br>ഈ വിഷയം പഞ്ചായത്ത് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും റവന്യൂ |

| | | |
|---|---|---|
| | | റിക്കവറി നടപടി സ്വീകരിക്കുന്നതിന് 24/03/2012-ലെ 622-ാം നമ്പരായി തീരുമാനിക്കുകയും ചെയ്തു. 21.05.2012-ൽ സെക്രട്ടറി AI-626/05-ാം നമ്പരായി തുക അടയ്ക്കുന്നതിന് ശ്രീ.കെ.കെ.മണികണ്ഠന് കത്ത് നൽകിയെങ്കിലും ടിയാൻ യാതൊരു നടപടിയും സ്വീകരിച്ചില്ല. സർവ്വീസിലിരിക്കുന്ന വ്യക്തിയുടെ കാര്യത്തിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് കളക്ടറുമായി ബന്ധപ്പെടാൻ സാധിക്കാത്തതിനാൽ നഷ്ടം ടിയാന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങളിൽ നിന്നും റിക്കവറി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് വാക്കാൽ നിർദ്ദേശം ലഭിച്ചു.<br><br>28.02.2013-ൽ ശ്രീ.കെ.കെ.മണികണ്ഠൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുള്ള നഷ്ടം ശ്രീ.കെ.കെ.മണികണ്ഠന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും വസൂലാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തുവാൻ നടപടി സ്വീകരിക്കുവാൻ 01.07.2013-ൽ സെക്രട്ടറി AI-626/05-ാം നമ്പരായി സെക്രട്ടറി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് എ.ഡി.പി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശ പ്രകാരം 9,000/- രൂപയ്ക്ക് പുറമെ പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന്റെ വിശദപരിശോധനയിൽ കൂടുതലായി കണ്ടെത്തിയ 7872/- രൂപ അടക്കം ആകെ 16,872/- രൂപ ശ്രീ.ശരത്ചന്ദ്രൻ ധനാപഹരണം നടത്തിയതാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയ്ക്ക് 12% പലിശസഹിതം മൊത്തം 19,450/- രൂപ ടിയാനെ കൊണ്ട് 02.01.2007-ന് 49-ാം നമ്പർ ചെലാൻ പ്രകാരം പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്. കൂടാതെ ടിയാന് എതിരെയുള്ള വകുപ്പുതല അച്ചടക്കനടപടി പഞ്ചായത്ത് ഡയറക്ടറുടെ 27.06.2011-ലെ ഡി4-24101/06 നമ്പർ ഉത്തരവ് പ്രകാരം ടിയാന്റെ 3 വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞ് ഉത്തരവായിട്ടുള്ള വിവരവും മലപ്പുറം എ.ഡി.പി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

**പെൻഷൻ വിതരണത്തിന് ആവശ്യമായ തുകകൾ രണ്ടു തവണ പിൻവലിച്ചു**

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്താണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്. 07.09.2004-ൽ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ചെർപ്പുളശ്ശേരി ട്രഷറിയിലെ 8448-1-98 വി.പി.എഫ് അക്കൗണ്ടിൽ നിന്നും വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിന് വേണ്ടി 3,50,340/- രൂപ വരവ് വെച്ചതായും ഇതേ തുക വൗച്ചർ നമ്പർ 243/29.09.04 പ്രകാരം വിതരണത്തിനായി പിൻവലിച്ചതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി കാണുന്നു. പിൻവലിച്ച തുകയിൽ 14,040/- രൂപ വേതന വിതരണത്തിനും ബാക്കിയുള്ള വിവിധ ക്ഷേമ പെൻഷനുകൾക്കായുള്ള 3,36,300/- രൂപ ആഫീസ് കളക്ഷനായ 1,143/- രൂപയും ചേർത്ത് 3,37,443/-രൂപ വല്ലപ്പുഴ സഹകരണ ബാങ്കിൽ 23.10.2004 ന് നിക്ഷേപിച്ചതായും കാണുന്നു. ടി നിക്ഷേപിച്ച തുകയിൽ നിന്നാണ് വീണ്ടും വൗച്ചർ നമ്പർ 313/09.11.2004 പ്രകാരം 3,13,126/- രൂപ വല്ലപ്പുഴ സർവീസ് സഹകരണ ബാങ്കിൽ നിന്നും പിൻവലിച്ചത്. ട്രഷറി അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക മുഴുവനും വിതരണം ചെയ്യാതെ ഗ്രാമപഞ്ചായത്തിന്റെ തന്നെ വല്ലപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ തുക നിക്ഷേപിക്കുകയും വീണ്ടും വിതരണത്തിനായി തുക പിൻവലിക്കുകയും ചെയ്തത് വ്യക്തമായി ക്യാഷ് ബുക്കിലും അനുബന്ധ രജിസ്റ്ററുകളിലും രേഖപ്പെടുത്താത്തതുമൂലമാണ് ഒരേ ആവശ്യത്തിന് രണ്ടുതവണ തുക പിൻവലിച്ചതായി സംശയിക്കാൻ ഇടവരുത്തിയത് എന്ന വിവരവും ആയതിന്മേൽ തുടർ നടപടികൾ ഒന്നും നടന്നിട്ടില്ല എന്നുള്ള വിവരം പാലക്കാട് എ.ഡി.പി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**അലവൻസുകൾ രണ്ടുതവണ കൈപ്പറ്റിയത്**

കോഴിക്കോട് ജില്ലയിലെ തിക്കോടി ഗ്രാമപഞ്ചായത്താണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. അലവൻസുകൾ ഇരട്ടയായി വാങ്ങിയ കെ.പി.രമേശൻ പുളക്കടി ഹമീദ്, എന്നിവരിൽ നിന്നും തുക ഈടാക്കിയിട്ടുണ്ട്.

കെ.പി.രമേശൻ 2935/-രൂപ (2235+125+575)

രസീതി നമ്പർ 41025/17 പ്രകാരം 16.12.2006-ന് പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്.

പുളങ്ങടി റസീദ് 6620/- രൂപ (2770+3800+50)

രസീതി നമ്പർ പ്രകാരം 25133/7 16.03.2010-ന് പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട് എന്ന് കോഴിക്കോട് എ.ഡി.പി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്.

ആന്തരിക നിയന്ത്രണം ഇല്ലാത്തത് (വരവ് കണക്കിൽ കൊള്ളിക്കാത്തത്)

പരാമർശങ്ങളുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽഓഫീസർ, സിഎച്ച്സി പനത്തടിക്ക്, 2003-04 വർഷത്തെ ടെണ്ടർ ഫോം വിൽപ്പനയിലൂടെയും EMD പ്രകാരവും സ്വീകരിച്ച തുക അറിവില്ലായ്മ മൂലമാണ് കൃത്യസമയത്ത് കാഷ്ബുക്കിൽ രേഖപ്പെടുത്തുവാനും, ബന്ധപ്പെട്ട ശീർഷകത്തിൽ അടയ്ക്കുവാനും സാധിക്കാതിരുന്നത്. എന്നാൽ പിന്നീട് സ്വീകരിച്ച മുഴുവൻ തുകയും ബ്ലോക്ക് പഞ്ചായത്തിന്റെ TPA 505 അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. അറിവില്ലായ്മ മൂലം സംഭവിച്ച പാകപ്പിഴകൾ ക്ഷമിച്ച് തടസ്സവാദം ഒഴിവാക്കണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അപേക്ഷിച്ചിട്ടുണ്ട്.

കോട്ടയം ജില്ലാ പഞ്ചായത്ത്

ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യകാലഘട്ടങ്ങളിലും ജില്ലാ പഞ്ചായത്തുകൾ നിലവിൽ വന്ന ആദ്യവർഷങ്ങളിലും കോട്ടയം ജില്ലാ പഞ്ചായത്തിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് അത്യന്താപേക്ഷിതമായിട്ടുള്ള ശക്തമായ ഒരു ആന്തരിക നിയന്ത്രണ സംവിധാനം നിലവിലില്ലായിരുന്നു എന്നിരുന്നാലും സ്വീകരിക്കപ്പെടുന്ന തുകകൾ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ വ്യക്തിയോ ഒപ്പിട്ട് നിശ്ചിത മാതൃകയിൽ ഇരട്ടയുള്ള കാർബൺപേപ്പർ ഉപയോഗിച്ച് ഡ്യൂപ്ലിക്കേറ്റായി രസീതുകൾ തയ്യാറാക്കിയിരുന്നു. ആദ്യവർഷങ്ങളിൽ വാർഷികധനകാര്യ പത്രിക യഥാകാലം തയ്യാറാക്കി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലും അക്കൗണ്ടന്റ് ജനറലിനും സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടുവെന്നുള്ളത്

നിസ്സാരകരമായ സംഗതിയായിരുന്നുവെങ്കിലും ക്യാഷ് ബുക്ക് വരവു ചെലവു രജിസ്റ്ററുകൾ, ഡിമാന്റ് രജിസ്റ്റർ, ആസ്തി രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിരുന്നു.

ജില്ലാ പഞ്ചായത്തുകൾ നിലവിൽ വന്ന ആദ്യ വർഷങ്ങളിൽ ഇന്നത്തെപോലെ സുവ്യക്തവും ഫലപ്രദവുമായ ഒരു ഫയൽ സിസ്റ്റം ഉണ്ടായിരുന്നില്ല. തന്നെയുമല്ല, സർക്കാർ തലത്തിൽ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും യഥാവിധി ഉപയോഗപ്പെടുത്തുന്നതിലും പദ്ധതികൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിലും അറിവില്ലായ്മ മൂലം പല പിഴവുകളും സംഭവിച്ചിട്ടുള്ളതുമാണ്, മാത്രമല്ല ജില്ലാ പഞ്ചായത്തുകളിൽ ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥരിൽ നല്ലൊരു ശതമാനവും പഞ്ചായത്ത് വകുപ്പിൽ നിന്നുള്ളവരായിരുന്നില്ല, മറിച്ച് മറ്റു വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ, പുനർ വിന്യാസം പ്രകാരമോ ജോലി നോക്കുന്നവരായിരുന്നു. ഇതും ആഡിറ്റിൽ ചൂണ്ടിക്കാണിച്ചിരുന്ന പ്രകാരം നിലവിലില്ലാത്ത് കമ്പനിയ്ക്ക് സാധനങ്ങൾ നൽകാനുള്ള ഓർഡർ നൽകിയതുപോലെയുള്ള പിഴവുകൾ വരുത്തുന്നതിനും കാരണമായി തീർന്നു. അതുപോലെതന്നെ ജനകീയാസൂത്രണ പ്രസ്ഥാനം പുതുതായി സൃഷ്ടിച്ച ഒരു അധികാര വികേന്ദ്രീകൃതാസൂത്രണ സംവിധാനവുമായിരുന്നു. ഏതൊരു പുതിയ സംരംഭത്തിനും ഉള്ളതുപോലെയുള്ള പിശകുകളും അപാകതകളും സംഭവിച്ചുപോയിട്ടുള്ളതാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും, ആഡിറ്റിൽ ചൂണ്ടിക്കാണിച്ചതുപോലെയുള്ള പണം തിരിമറിസംഭവങ്ങൾ കോട്ടയം ജില്ലാ പഞ്ചായത്തിൽ സംഭവിച്ചിട്ടില്ലാത്തതാണ്. എങ്കിലും ഇപ്പോൾ ശരിയായ രീതിയിലുള്ള മേൽനോട്ടത്തിലൂടെയും നിരീക്ഷണത്തിലൂടെയും കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതു വഴിയും, ആന്തരികനിയന്ത്രണസംവിധാനം കർശനമായി നടപ്പാക്കുന്നതുവഴിയും ആഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള എല്ലാ ആപത്സാധ്യതകളും ലഘൂകരിക്കുക മാത്രമല്ല, സംഭവിക്കാതിരിക്കുന്നതിനുള്ള സാധ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുള്ളതുമാണെന്ന വിവരം അറിയിക്കുന്നതോടൊപ്പം, അറിവില്ലായ്മ, വ്യക്തവും കുറ്റമറ്റതുമായ ഫയൽ സിസ്റ്റത്തിന്റെ അഭാവം എന്നീ കാരണങ്ങളാലും ജില്ലാ പഞ്ചായത്തിന്റെ

| | | |
|---|---|---|
| | | ആദ്യനാളുകളിലും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആദ്യവർഷങ്ങളിലും സംഭവിച്ചുപോയ പിഴവുകൾ മാപ്പാക്കി ടി ആഡിറ്റ് പരാമർശം ഒഴിവാക്കിത്തരുന്നതിനുള്ള അനുകൂല നടപടികൾ സ്വീകരിക്കണമെന്ന് കൂടി വിനയപുരസ്സരം അഭ്യർത്ഥിച്ചുകൊള്ളുന്നു. |
| 4.8 | <u>അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങിയതിലുണ്ടായ നിഷ്ഫല ചെലവ്</u><br><br>ഖരമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിന് അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങുവാനുള്ള മാനന്തവാടി ഗ്രാമപഞ്ചായത്തിന്റെ തീരുമാനം 31.89 ലക്ഷം രൂപയുടെ നിഷ്ഫലമായ ചെലവിൽ കലാശിച്ചു.<br>കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുവദിച്ചതനുസരിച്ച് (2002 ജൂലൈ) മാനന്തവാടി ഗ്രാമപഞ്ചായത്ത് ചൂട്ടക്കടവിൽ 4.75 ഏക്കർ വിസ്തൃതിയുള്ള സ്വന്തം ഭൂമിയിൽ ഒരു ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചു (2004 ജൂലൈ). അഴുകിച്ചേരാത്ത മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്, ഗ്രാമപഞ്ചായത്തുകൾക്ക് കൂടി ബാധകമായ 2000–ലെ മുനിസിപ്പൽ ഖരമാലിന്യ (മാനേജ്മെന്റും കൈകാര്യം ചെയ്യലും) ചട്ടങ്ങൾക്കനുസൃതമായി നിലവിലുള്ള മാലിന്യ നിക്ഷേപസ്ഥലം ഒരു ലാന്റ്ഫിൽസൈറ്റ് ആയി മാറ്റി മുകളിൽ പറഞ്ഞ സ്ഥലത്ത് സ്ഥാപിക്കണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിരുന്നു.<br>പ്ലാന്റിന്റെ സ്ഥാപനം എളുപ്പമാക്കുന്നതിനുവേണ്ടി മേൽപറഞ്ഞ വസ്തുവിന്റെ തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന 2.03 ഏക്കർ ഭൂമി വാങ്ങുവാൻ ഇതിനിടെ പഞ്ചായത്ത് തീരുമാനിച്ചു (2004 ജൂൺ). വയനാട് ജില്ലാകളക്ടറുടെ വില നിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഈ സ്ഥലത്തിന് സെന്റൊന്നിന് 15,000/- രൂപ വില നിശ്ചയിച്ചു (2004 ഓഗസ്റ്റ്). ഭൂമിയുടെ ആകെ വില 15 ലക്ഷം രൂപയിൽ കവിയുമെന്നതിനാൽ ഉന്നതാധികാരികളുടെ അനുമതി കരസ്ഥമാക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചു (2004 നവംബർ). മലിനീകരണം ചൂണ്ടിക്കാണിച്ചുകൊണ്ട് തദ്ദേശവാസികളിലൊരാൾ പ്ലാന്റിന്റെ | <u>മാനന്തവാടി</u><br><br>വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്താണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്ത് പരിധിയിൽ രണ്ടേക്കർ മൂന്ന് സെന്റ് സ്ഥലം 31.89 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയിരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പ്ലാന്റ് സ്ഥാപിക്കാനാവാത്ത സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ് റൂൾസ് 2000(ഷെഡ്യൂൾ-3) -ന് വിരുദ്ധമായി വാങ്ങിയതിനാൽ പ്രസ്തുത തുക പാഴ് ചെലവാണെന്ന് പരാമർശമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് തുക വസൂലാക്കുന്നതിലേക്കായി 13.12.2010-ലെ കാലഘട്ടത്തിലെ മെമ്പർമാരിൽ നിന്നും ഈടാക്കുന്നതിലേക്ക് നോട്ടീസയക്കുകയും അതിനെതിരെ പ്രസ്തുത കാലയളവിലെ മെമ്പർമാരിലൊരാളായ ശ്രീ.പി.വി.ജോൺ നൽകിയ W.P (C ) 29340/10 പ്രകാരമുള്ള കേസ് ഹൈക്കോടതിയുടെ പരിഗണനയിലുള്ളതാണെന്ന് വയനാട് എ.ഡി.പി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| | നിർമ്മാണം ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ഇനിയൊരുത്തരവുണ്ടാകുന്നതുവരെ പ്ലാന്റിന്റെ നിർമ്മാണം നിർത്തിവയ്ക്കുവാൻ മലിനീകരണ നിയന്ത്രണ ബോർഡ് 2004 ഒക്ടോബർ 30-ന് പഞ്ചായത്തിന് നിർദ്ദേശം നൽകി. ഇങ്ങനെയൊക്കെയായിട്ടും, സർക്കാരിൽ നിന്നും ഉത്തരവ് ലഭ്യമാക്കാതെയും മലിനീകരണ നിയന്ത്രണബോർഡിന്റെ അവസാന ഉത്തരവിനു വേണ്ടി കാത്തു നിൽക്കാതെയും 30 ലക്ഷം രൂപ ചെലവിൽ രണ്ട് ഏക്കർ സ്ഥലം വാങ്ങുകയാണ് (2005 ജനുവരി) പഞ്ചായത്ത് ചെയ്തത്.<br>മേൽ ചട്ടങ്ങൾ പ്രകാരം ലാൻഡ്ഫിൽ സൈറ്റുകൾ ജനങ്ങൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ നിന്നും ജലാശയങ്ങളിൽ നിന്നും അകലെയായിരിക്കണമെന്നും ആ സ്ഥലത്ത് വാഹനങ്ങളും യന്ത്രസാമഗ്രികളും സ്വതന്ത്രമായി കൊണ്ടുപോകുന്നതിനുപറ്റിയ അപ്രോച്ച് റോഡുകളും മറ്റു ഉൾറോഡുകളും ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വാങ്ങിയ ഭൂമി സ്ഥിതി ചെയ്യുന്നത് കബനിനദിയുടെ തീരത്ത് വാസസ്ഥലങ്ങൾക്ക് വളരെ സമീപത്തായതിനാലും താഴെക്കാണിച്ചിരിക്കുന്ന ചിത്രങ്ങളിൽ കാണുന്നപോലെ മഴക്കാലത്ത് എത്തിപ്പെടാൻ സാധിക്കാത്തതിനാലും, പ്ലാന്റ് സ്ഥാപിക്കുന്നതിന് 2003 മാർച്ച് 31 വരെ നൽകിയ അനുമതിയുടെ കാലാവധി ദീർഘിപ്പിക്കണമെന്ന പഞ്ചായത്തിന്റെ അപേക്ഷ മലിനീകരണ നിയന്ത്രണ ബോർഡ് നിരാകരിച്ചു (2005 ജൂൺ) | |
| 4.12 | <u>കെട്ടിടത്തിന്മേലുള്ള നിഷ്ഫല ചെലവ്</u><br>യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും വാങ്ങാത്തതു കാരണം വനിതകൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ ആരംഭിക്കാൻ കഴിയാതിരുന്നത് കെട്ടിടം പണിയുന്നതിന് ചെലവാക്കിയ 11.70 ലക്ഷം രൂപ നിഷ്ഫലമാക്കി.<br>പത്ത് വനിതകൾക്ക് വീതം തൊഴിൽ നൽകുന്നതിനായി യഥാക്രമം 4.94 ലക്ഷം രൂപയുടെയും 3.50 ലക്ഷം രൂപയുടേയും അടങ്കലിൽ ഒരു കുട നിർമ്മാണ യൂണിറ്റും ഒരു വസ്ത്ര നിർമ്മാണ യൂണിറ്റും സ്ഥാപിക്കുന്നതിനു വേണ്ടി രണ്ടു പദ്ധതികൾ 2000–01 –ലെ വാർഷിക പദ്ധതിയിൽ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് ഉൾപ്പെടുത്തിയിരുന്നു. കെട്ടിടം നിർമ്മിക്കുന്നതിനും യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും വാങ്ങുന്നതിനുമുള്ള ചെലവുകൾ ഈ | പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്താണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രോജക്ടിന്റെ ലക്ഷ്യം കുട നിർമ്മാണ യൂണിറ്റും വസ്ത്ര നിർമ്മാണ യൂണിറ്റും ആരംഭിക്കുക എന്നതാണ്. 2000-01 വർഷം നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിൽ ആദ്യകാലത്ത് പ്രോജക്ടിന്റെ ലക്ഷ്യമായ വസ്ത്ര നിർമ്മാണ യൂണിറ്റ് നടത്തുന്നതിന് തയ്യാറായി വന്ന വനിതാക്ഷേമ സംഘം എന്ന സ്വയം സഹായ സംഘത്തിന് 27.07.02-ലെ പഞ്ചായത്ത് തീരുമാനം നമ്പർ 6 പ്രകാരം പ്രതിമാസം 300 രൂപ നിരക്കിൽ വാടകയ്ക്ക് കൊടുത്തിട്ടുണ്ടായിരുന്നു. എന്നാൽ മാർക്കറ്റിൽ വളരെയധികം മത്സര സ്വഭാവമുള്ള വ്യവസായങ്ങളായതുകൊണ്ട് പ്രസ്തുത യൂണിറ്റുകൾ തുടർന്ന് നടത്തി കൊണ്ടുപോകുവാൻ സംരംഭകർക്ക് കഴിയാതെ വന്നു. പിന്നീട് ഏറ്റെടുക്കുവാൻ തയ്യാറായി ആരും തന്നെ വന്നിരുന്നില്ല. പ്രസ്തുത ഉദ്ദേശങ്ങൾ നേടുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ |

| | | |
|---|---|---|
| | ളകയിൽ ഉൾപ്പെട്ടിരുന്നു. 7.27 ലക്ഷം രൂപ മൊത്തം ചെലവിൽ രണ്ട് കെട്ടിടങ്ങളുടെയും പണി യഥാക്രമം 2001 ഫെബ്രുവരിയിലും ജൂലൈയിലും പൂർത്തിയായി. മൊത്തം അടങ്കലിന്റെ 18 ശതമാനം മാത്രമായ 1.50 ലക്ഷം രൂപ വിലവരുന്ന യന്ത്രസാമഗ്രികളും അസംസ്കൃത വസ്തുക്കളും പഞ്ചായത്ത് വാങ്ങാത്തതുകൊണ്ട് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല.<br>ഈ യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചില്ലെങ്കിൽകൂടി, രണ്ട് കൊല്ലമായി വെറുതെ കിടക്കുകയായിരുന്ന കെട്ടിടങ്ങളുടെ രണ്ടാംനില നിർമ്മിക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചു. 4.43 ലക്ഷം രൂപ ചെലവിൽ ഈ നിർമ്മാണം 2004 മാർച്ചിൽ പൂർത്തീകരിച്ചു. പരിഷ്കരിച്ചതിനുശേഷവും യന്ത്രസാമഗ്രികൾ സ്ഥാപിക്കാത്തതുകാരണം കെട്ടിടങ്ങൾ ഉപയോഗിക്കാൻ സാധിച്ചില്ല. നേരത്തെ നിർമ്മിച്ച കെട്ടിടത്തിന്റെ ഭാഗങ്ങൾ വെറുതെ കിടക്കുകയായിരുന്നിട്ടും രണ്ടാം നില നിർമ്മിച്ച നടപടി വിവേകശൂന്യവും 11.70 ലക്ഷം രൂപയുടെ നിഷ്ഫല ചെലവിലേയ്ക്ക് നയിക്കുന്നതും ആയിരുന്നു. തന്നെയുമല്ല, 20 വനിതകൾക്ക് തൊഴിൽ നൽകുക എന്ന ഉദ്ദിഷ്ട ലക്ഷ്യവും നിറവേറിയില്ല.<br>ഇക്കാര്യം 2006 ഓഗസ്റ്റിൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തതിന്റെ മറുപടി ലഭിച്ചിട്ടില്ല (2007 മാർച്ച്) | ഒരു കുടുംബശ്രീ യൂണിറ്റ് അപേക്ഷ സമർപ്പിക്കുകയും ഗ്രാമപഞ്ചായത്ത് അംഗീകരിക്കുകയും ചെയ്തിരുന്നെങ്കിലും അവരും പിൻമാറുകയാണ് ഉണ്ടായത്. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയിൽ 27.10.11, 23.11.11, 17.12.2011 എന്നീ തീയതികളിലെ അജണ്ട വെച്ച് ചർച്ച ചെയ്തിരുന്നുവെങ്കിലും ടി യൂണിറ്റുകൾ ഒരു തരത്തിലും തുടങ്ങാനോ നടത്തി കൊണ്ടുപോവാനോ ആരും തയ്യാറാവുന്നില്ല എന്ന് പാലക്കാട് എ.ഡി.പി അറിയിച്ചിട്ടുണ്ട്. മേപ്പടി കെട്ടിടങ്ങളിൽ വസ്ത്ര നിർമ്മാണ യൂണിറ്റ് ഇപ്പോൾ കൃഷിഭവന്റെ ഗോഡൗണും, വനിതാ കോളേജും നടന്നുവരുന്നു. കട നിർമ്മാണ യൂണിറ്റിൽ അടിയളുപാടം അംഗണവാടി നടന്നുവരികയാണെന്നും അത്തരത്തിൽ കണക്കാക്കിയാൽ ടി കെട്ടിടങ്ങൾ പ്രയോജനപ്രദമായി തന്നെയാണ് ഇപ്പോൾ ഉപയോഗിക്കുന്നതെന്നും പാലക്കാട് എ.ഡി.പി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.